I ഇ.ബി. XII - കേരള നിയമസഭ/XV-12

**പന്ത്രണ്ടാം കേരള നിയമസഭ**

പതിനഞ്ചാം സമ്മേളനം

**നിയമസഭാ നടപടികൾ – സംഗ്രഹം**

(ചോദ്യോത്തരങ്ങൾ ഒഴികെ)

2010 ജൂലൈ 13, ചൊവ്വ

നിയമസഭ രാവിലെ 8.30–ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ.കെ.രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

**ശ്രദ്ധക്ഷണിക്കൽ**

(ശ്രീ. പി.സി. വിഷ്ണുനാഥ് സഭയിൽ ഇല്ലാതിരുന്നതിനാൽ ഒന്നാമത്തെ ശ്രദ്ധക്ഷണിക്കൽ പ്രമേയം അവതരിപ്പിക്കപ്പെട്ടില്ല.)

(2) വൻകിട തോട്ടം കമ്പനികളും ഭൂപ്രഭുക്കളും കൈവശം വച്ചിരിക്കുന്ന ഭൂമി

ശ്രീ. പി. കൃഷ്ണപ്രസാദ്: വയനാട്ടിൽ ഭൂരഹിതരായിട്ടുള്ള ആദിവാസികളും കർഷകത്തൊഴിലാളികളും ഇന്ന് ഭൂമിക്കുവേണ്ടി പ്രക്ഷോഭത്തിലാണ്. വയനാട്ടിൽ 26000 ആദിവാസി ഭൂരഹിതർ ഉള്ളതിൽ നാലായിരത്തോളം പേർക്ക് ഭൂമി കൊടുക്കുകയും മൂവായിരത്തോളം പേർക്ക് ഭൂമി കൊടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയുമാണ്. ഇതിനുപുറമെ ആയിരക്കണക്കിന് ഭൂരഹിതരായിട്ടുള്ള പട്ടികജാതിക്കാരും

ഗ്രാമീണമേഖലയിലെ ദരിദ്രകുടുംബങ്ങളുമുണ്ട്. ഭൂനിയമപ്രകാരം ആറുമാസത്തിനകം ഭൂരഹിതരായ മുഴുവൻ ആദിവാസി കുടുംബങ്ങൾക്കും ഒരേക്കറിൽ കുറയാത്ത ഭൂമി കൊടുക്കണമെന്നുള്ള സുപ്രീംകോടതി വിധി ഇതുവരെ നടപ്പാക്കാൻ കഴിഞ്ഞിട്ടില്ല. ഹാരിസൺ മലയാളം കമ്പനി ഉൾപ്പെടെ വൻകിട തോട്ടംകമ്പനികൾ അനധികൃതമായി കൈവശം വച്ചിരിക്കുന്ന ഭൂമി തൊഴിലാളികൾക്കുതന്നെ വീതിച്ചുകൊടുക്കുന്നതിന് നടപടി സ്വീകരിക്കണം. 1963-ലെ ഭൂപരിഷ്ക്കരണ നിയമപ്രകാരം ഇത്തരം കൈവശ ഭൂമിയുടെ ജന്മാവകാശം സർക്കാരിൽ നിക്ഷിപ്തമാണെങ്കിലും അതിൽ നല്ലൊരു ഭാഗവും പലർക്കായി വിൽപ്പന നടത്തിയിരിക്കുകയാണ്. ടാറ്റയുടെ കൈവശം 42000 ഏക്കർ ഭൂമി അനധികൃതമായിട്ടുണ്ട്. ഒരു ജില്ലയിൽ മാത്രം 26000-ലേറേ ആളുകൾ ഭൂരഹിതരായിട്ടുള്ള സന്ദർഭത്തിലാണ് തോട്ടം മേഖലയിൽ ഇത്തരം കുത്തകവൽക്കരണം നിലനിൽക്കുന്നത്. ഭൂമി കിട്ടണമെന്നാവശ്യപ്പെട്ടുകൊണ്ട് പാവപ്പെട്ട ഭൂരഹിതരായിട്ടുള്ള കുടുംബങ്ങൾ നടത്തിവരുന്ന ന്യായമായ സമരത്തിന് പരിഹാരമുണ്ടാക്കാനുള്ള ഉത്തരവാദിത്തം ഈ ഗവൺമെന്റിനുണ്ട്. ഭൂവിനിയോഗവുമായി ബന്ധപ്പെട്ട് ഒരു സാമൂഹിക നിയന്ത്രണം കൊണ്ടുവരുന്നതിനും ഭൂമിയുടെ കുത്തക വൽക്കരണം തടയുന്നതിനും നിയമനിർമ്മാണം കൊണ്ടുവരാൻ നടപടി സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ) : റവന്യൂ, വനം, ദേവസ്വം തുടങ്ങി വിവിധ വകുപ്പുകളുടെ ഉടമസ്ഥതയിൽ സംസ്ഥാനത്ത് പാട്ടവ്യവസ്ഥയിലുള്ള 22 തോട്ടങ്ങളുടെ വിസ്തീർണ്ണം 116400-ഓളം ഏക്കറാണ്. സാമൂഹികവും സാമ്പത്തികവും തൊഴിൽപരവുമായ പ്രത്യേക കാരണ

ങ്ങൾ കൊണ്ടാണ് തോട്ടംമേഖലയെ ഭൂപരിഷ്കരണ നിയമത്തിന്റെ പരിധിയിൽനിന്ന് ഒഴിവാക്കിയത്. തോട്ടങ്ങൾ തുണ്ടുവൽക്കരിക്കുന്നത് പതിനായിരക്കണക്കിന് വരുന്ന തൊഴിലാളികളേയും അവരുടെ കുടുംബങ്ങളേയും സാരമായി ബാധിക്കും. ഓരോ തോട്ടത്തിനും വ്യത്യസ്തവും നാമമാത്രവുമായ തുകയാണ് പാട്ടനിരക്കായി നിശ്ചയിച്ചിട്ടുള്ളത്; പാട്ടനിരക്ക് പരിഷ്ക്കരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. പാട്ടവ്യവസ്ഥകൾ ലംഘിച്ച് തോട്ടം വിൽക്കുന്നതും മറുപാട്ടത്തിന് നൽകുന്നതും ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത തോട്ടങ്ങൾ തിരിച്ചെടുക്കുന്നതിനും അവയുടെ പോക്കുവരവ് റദ്ദാക്കുന്നതിനും നടപടി സ്വീകരിച്ചു. സംസ്ഥാനത്ത് പാട്ടവ്യവസ്ഥയിൽ പ്രവർത്തിക്കുന്ന ഹാരിസൺ മലയാളം ലിമിറ്റഡ് പാട്ടവ്യവസ്ഥകൾ ലംഘിച്ചുവെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് അന്വേഷണം നടത്തിവരികയാണ്. തോട്ടങ്ങൾക്ക് നൽകിയ ഇളവുകളുടെ പേരിൽ അധികഭൂമി കൈവശം വയ്ക്കുന്ന തോട്ടമുടമകൾക്കെതിരെ മിച്ചഭൂമി നിയമപ്രകാരം കേസ്സെടുത്ത് നടപടി സ്വീകരിച്ചുവരുന്നു. ഭൂപരിഷ്കരണ നിയമം വഴി ലഭിച്ച ആനുകൂല്യത്തിന്റെ മറവിൽ സർക്കാർ ഭൂമി കയ്യടക്കിവച്ച് ഇഷ്ടാനുസരണം ഉപയോഗിക്കുന്നത് ഒരുതരത്തിലും അംഗീകരിക്കാൻ പറ്റുകയില്ല. തോട്ടങ്ങൾ തുണ്ടുകളാക്കുന്നതും മറിച്ചുവിൽക്കുന്നതും ടൂറിസം ഉൾപ്പെടെ മറ്റ് ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതും തടയുന്നതിന് നിയമഭേദഗതികൊണ്ടുവരുന്ന കാര്യം സർക്കാർ പരിശോധിക്കുന്നുണ്ട്. പാട്ടക്കാലാവധി കഴിഞ്ഞ ഭൂമി നിയമാനുസരണം ഏറ്റെടുക്കുന്നതിനും തോട്ടങ്ങളെ സംരക്ഷിച്ചുകൊണ്ട് തൊഴിലാളികളുടെ തൊഴിലും ജീവിത സുരക്ഷിതത്വവും ഉറപ്പുവരുത്തുന്നതിനും ഈ സർക്കാർ പല നടപടികളും സ്വീകരിച്ചിട്ടുണ്ട്.

വനവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ബിനോയ് വിശ്വം) : തൃശ്ശൂർ ജില്ലയിൽ മുപ്ലിവാലിയിൽ ഹാരിസൺ മലയാളം പ്ലാന്റേഷൻ ലിമിറ്റഡിന്റെ കൈവശമുള്ള 6000-ത്തിലധികം വരുന്ന പാട്ടഭൂമിയിൽ 4000 ഏക്കറിൽ പ്രകടമായ ലംഘനം കണ്ടെത്തിയതിനെത്തുടർന്ന് പ്രസ്തുത കമ്പനിക്ക് നോട്ടീസ് നൽകി മറ്റ് നിയമനടപടികളുമായി മുന്നോട്ടുപോകുക യാണ്.

**സബ്മിഷൻ**

(1) വിദ്യാർത്ഥി സമരം

ശ്രീ. കെ. കെ. ഷാജു: സംസ്ഥാനത്ത് വിദ്യാർത്ഥി സമരത്തിന്റെ ഭാഗമായി കലാലയങ്ങളിൽ തുടർച്ചയായുണ്ടാകുന്ന അക്രമസംഭവങ്ങൾ അവസാനിപ്പിക്കുന്നതിന് നടപടി സ്വീകരിക്കണം. ഇന്നലെ നൂറനാട് അർച്ചന എഞ്ചിനീയറിംഗ് കോളേജിൽ നടന്ന അക്രമസംഭവത്തിൽ റാഗിംഗ് അടക്ക മുള്ള സാമൂഹ്യ വിരുദ്ധ പ്രവണതകൾ തടയുന്നതിനായി സ്ഥാപിച്ചിരുന്ന ക്യാമറകൾ തകർക്കുകയും ഒരു അദ്ധ്യാപികയ്ക്ക് പരിക്കേൽക്കുകയും വസ്തുവകകൾക്ക് നാശനഷ്ടം വരുത്തുകയും ചെയ്ത സംഭവത്തെ സംബന്ധിച്ച് അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ കർശന നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): നൂറനാട് പോലീസ് സ്റ്റേഷന്റെ പരിധിയി ലുള്ള മുളവുകാട് അർച്ചന എഞ്ചിനീയറിംഗ് കോളേജിൽ 12-7-2010-ന് രാത്രി ഒരു കൂട്ടം വിദ്യാർത്ഥികൾ പ്രവേശിച്ച് അവിടെ സ്ഥാപിച്ചിരുന്ന 9 സി.സി.ടി.വി ക്യാമറകൾ പൂർണ്ണമായും രണ്ടെണ്ണം ഭാഗികമായും അടിച്ചുത കർക്കുകയും കോളേജ് അധികൃതർക്ക് ഒരു ലക്ഷം രൂപയുടെ നഷ്ടം വരു

ത്തുകയും ചെയ്തു. സംഭവത്തിൽ നൂറനാട് പോലീസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരികയാണ്. രണ്ട് പ്രതികളെ ഇന്നലെ അറസ്റ്റ് ചെയ്തിട്ടുണ്ട്. ആലപ്പുഴ എസ്.പി.ക്ക് കേസ്സിന്റെ വിശദാംശങ്ങൾ പരിശോധിക്കുന്നതിന് നിർദ്ദേശങ്ങൾ കൊടുക്കുന്നതാണ്.

പ്രതിപക്ഷ നേതാവ് (ശ്രീ. ഉമ്മൻ ചാണ്ടി) : നൂറനാട് അർച്ചന എഞ്ചിനീയറിംഗ് കോളേജിൽ ഒരു സംഘം വിദ്യാർത്ഥികൾ നടത്തിയ അക്രമത്തിൽ വസ്തുവകകൾക്ക് നാശനഷ്ടം സംഭവിക്കുകയും ഒരു അദ്ധ്യാപികയ്ക്ക് പരിക്കേൽക്കുകയും ചെയ്തു. വിവരമറിയിച്ചിട്ടും പോലീസ് നിഷ്ക്രിയത്വം പാലിച്ചതിനെക്കുറിച്ച് സർക്കാർ അന്വേഷിക്കണം. കലാലയങ്ങളിൽ തുടർച്ചയായുണ്ടാകുന്ന ഇത്തരം അക്രമസംഭവങ്ങളെ നിയന്ത്രിക്കേണ്ടതാണ്. നിയമം കയ്യിലെടുക്കൻ ആരേയും അനുവദിക്കരുത്.

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): പോലീസിന്റെ ഭാഗത്തുനിന്നും കാലതാമസം നേരിട്ടിട്ടുണ്ടോ എന്ന് അന്വേഷിക്കുന്നതാണ്. ക്യാമറ സ്ഥാപിച്ചതിനെ എല്ലാ വിദ്യാർത്ഥി സംഘടനകളും ശക്തിയായി എതിർത്തിരിക്കുകയാണ്. അക്കാര്യം വിദ്യാഭ്യാസവകുപ്പ് അന്വേഷിക്കുന്നതാണ്.

വിദ്യാഭ്യാസവും സാംസ്ക്കാരിക കാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എ. ബേബി): വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സി.സി.ടി.വി. സ്ഥാപിക്കുന്നത് വിദ്യാഭ്യാസവകുപ്പ് അംഗീകരിച്ച കാര്യമല്ല.

(2) തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളം

ശ്രീ. വർക്കല കഹാർ: തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിലെ പുതിയ ടെർമിനലിന്റെ ഉദ്ഘാടനത്തിന് കേന്ദ്രമന്ത്രി ശ്രീ. വയലാർ രവി പങ്കെടുക്കുകയാണെങ്കിൽ മുഖ്യമന്ത്രി അടക്കമുള്ള മന്ത്രിമാർ പങ്കെടു

ക്കില്ലെന്ന സംസ്ഥാന സർക്കാരിന്റെ സമീപനം വികസനകാര്യങ്ങളിൽ രാഷ്ട്രീയം കലർത്തുന്നതാകയാൽ ഇതു സംബന്ധിച്ച് വിശദീകരണം നൽകണം.

മുഖ്യമന്ത്രി (ശ്രീ. വി.എസ്. അച്ചുതാനന്ദൻ): നിയമസഭാ സമ്മേളനം നടക്കുന്നതിനാൽ ഈ മാസം 14-ാം തീയതി നടത്താൻ നിശ്ചയിച്ചിരുന്ന തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിലെ പുതിയ ടെർമിനൽ ഉദ്ഘാടന ചടങ്ങിൽ മുഖ്യമന്ത്രിക്ക് പങ്കെടുക്കാൻ അസൗകര്യമുണ്ടെന്ന് ബന്ധപ്പെട്ട വിമാനത്താവള അധികൃതരെ അറിയിച്ചതിനെത്തുടർന്ന് ചടങ്ങ് മറ്റൊരു ദിവസത്തേയ്ക്ക് മാറ്റിവയ്ക്കാൻ തീരുമാനിക്കുകയായിരുന്നു. മാത്രമല്ല ബഹുമാനപ്പെട്ട ഇൻഡ്യൻ പ്രധാനമന്ത്രി ഉദ്ഘാടനം നിർവ്വഹിക്കണമെന്ന് സംസ്ഥാന സർക്കാർ അഭ്യർത്ഥിച്ചതിനെത്തുടർന്ന് ഒക്ടോബർ മാസം അദ്ദേഹത്തിന് പങ്കെടുക്കാൻ സൗകര്യമുണ്ടെന്ന് പ്രധാനമന്ത്രിയുടെ ഓഫീസിൽ നിന്നറിയിച്ചിട്ടുണ്ട്. കേന്ദ്ര മന്ത്രി ശ്രീ വയലാർ രവി ഉദ്ഘാടന ചടങ്ങിൽ പങ്കെടുക്കുകയാണെങ്കിൽ മുഖ്യമന്ത്രി അടക്കമുള്ള മന്ത്രിമാർ പങ്കെടുക്കേണ്ട എന്ന ഒരു നിർദ്ദേശവും സംസ്ഥാന സർക്കാർ പുറപ്പെടുവിച്ചിട്ടില്ല.

(3) ബാലകൃഷ്ണൻ നായരുടെ ദുരൂഹമരണം

ശ്രീ. പി. വിശ്വൻ: കൊയിലാണ്ടി ചെങ്ങോട്ടുകാവ് ഗ്രാമപഞ്ചായത്തിലെ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാനായിരുന്ന കെ. എം. ബാലകൃഷ്ണൻ നായരുടെ ദുരൂഹ മരണത്തെക്കുറിച്ച് അന്വേഷിച്ച് ആവശ്യമായ നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): കൊയിലാണ്ടി എസ്.ഐ. അന്വേഷിച്ചുവരിക

യായിരുന്ന പ്രസ്തുത കേസിന്റെ അന്വേഷണം ക്രൈംബ്രാഞ്ചിന് കൈമാറിയിട്ടുണ്ട്.

(4) കണ്ണൂര് ജില്ലയിലെ ആയുധ ശേഖരം

ശ്രീ. എം. പ്രകാശന് മാസ്റ്റര്: കണ്ണൂര് ജില്ലയില് മുഴുപ്പിലങ്ങാട് പഞ്ചായത്തില് എടയ്ക്കാട് അങ്ങാടിയിലെ മണപ്പുറം ജുമാമസ്ജിദ് കോംപൗണ്ടില് നിന്ന് പോലീസ് കണ്ടെത്തിയ ബോംബുകളടക്കമുള്ള സ്ഫോടക വസ്തു ശേഖരത്തെക്കുറിച്ച് അന്വേഷിച്ച് കര്ശന നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിജിലന്സും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണന്): 12-07-2010-ന് കണ്ണൂര് മുഴുപ്പിലങ്ങാട് പഞ്ചായത്തില് എടയ്ക്കാട് അങ്ങാടിയിലെ മണപ്പുറം ജുമാമസ്ജിദ് കോംപൗണ്ടില് നിന്ന് നാടന്ബോംബുകള്, മഴു, ചുറ്റിക തുടങ്ങി വന് ആയുധ ശേഖരം പോലീസ് കണ്ടെത്തിയതിനെത്തുടര്ന്ന് പ്രസ്തുത സ്ഥലം ആന്റി സബോട്ടേജ് സ്ക്വാഡ് പരിശോധിക്കുകയും 25 പേര്ക്കെതിരെ വിവിധ നിയമപ്രകാരം കേസ് രജിസ്റ്റര് ചെയ്ത് ഊര്ജ്ജിതമായി അന്വേഷിച്ചുവരികയുമാണ്. ഇതുമായി ബന്ധപ്പെട്ട് ആവശ്യമായ മുന്കരുതല് നടപടികള് സ്വീകരിക്കുന്നതിനും പരിശോധന നടത്തുന്നതിനും നിര്ദ്ദേശം കൊടുക്കുന്നതാണ്.

(5) പി.സി.ടി.ഐ. ഐ.ടി.സി. ആയി ഉയര്ത്തുന്നതിന് നടപടി

ശ്രീ. പി. തിലോത്തമന്: ഇലക്ട്രീഷ്യന് ട്രേഡ് ഉള്പ്പെടുത്തി ചേര്ത്തല വാല്മീകി-വള്ളുവഗ്രാമത്തിലെ പി.സി.ടി.ഐ. ഐ.ടി.സി.യായി ഉയര്ത്തണം.

പിന്നോക്ക പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ. എ.കെ. ബാലൻ): പ്രസ്തുത പി.സി.ടി.ഐ. ഐ.ടി.സി. ആയി ഉയർത്തുന്നതു സംബന്ധിച്ച പ്രൊപ്പോസൽ പട്ടികജാതി വികസനവകുപ്പ് പരിശോധിച്ചുവരികയാണ്. ചേർത്തലയിൽ സർക്കാർ നിയന്ത്രണത്തിൽ ഇത്തരത്തിൽ മറ്റ് കേന്ദ്രങ്ങൾ ഇല്ലാത്തതിനാൽ പ്രസ്തുത നിർദ്ദേശം ഗൗരവമായി പരിഗണിക്കുന്നതാണ്.

(6) തമിഴ് ടൂറിസ്റ്റുകൾ ആക്രമിക്കപ്പെട്ട സംഭവം

ശ്രീ. വി.ഡി. സതീശൻ: കൊല്ലം അച്ചൻകോവിൽ ആര്യങ്കാവ് മേഖലയിൽ എത്തിയ ടൂറിസ്റ്റുകളായ തമിഴ് കുടുംബത്തിലെ രണ്ട് സ്ത്രീകളെ വനസംരക്ഷണ സമിതി പ്രവർത്തകർ മാനഭംഗപ്പെടുത്തിയതായി വന്ന വാർത്തയുടെ നിജസ്ഥിതി അന്വേഷിച്ച് കുറ്റക്കാർക്കെതിരെ കർശന നടപടി സ്വീകരിക്കണം.

വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ബിനോയ് വിശ്വം): ഇക്കാര്യം അന്വേഷിക്കാൻ വനംവകുപ്പിനോട് ആവശ്യപ്പെട്ടതിനുപുറമേ ആഭ്യന്തര വകുപ്പിനും കത്തെഴുതിയിട്ടുണ്ട്. അന്വേഷിച്ച് കുറ്റക്കാരെ കണ്ടുപിടിച്ചാൽ തീർച്ചയായും ഗൗരവതരമായ ആക്ഷനുണ്ടാകും. വനംവകുപ്പിലെ വിജിലൻസ് സംവിധാനത്തെമാത്രം ആശ്രയിക്കാതെ ഉന്നത പോലീസുദ്യോഗസ്ഥരെക്കൊണ്ട് അന്വേഷിപ്പിക്കാനാണ് ആവശ്യപ്പെട്ടിരിക്കുന്നത്.

(7) കെ. എസ്. ആർ. ടി. സി. ഓപ്പറേറ്റിംഗ് സെന്റർ

ശ്രീ. കെ. രാജു: കുളത്തൂപ്പുഴ കെ.എസ്.ആർ.ടി.സി. ഓപ്പറേറ്റിംഗ് സെന്റർ സബ്ഡിപ്പോയായി ഉയർത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ജോസ് തെറ്റയിൽ): കുളത്തുപ്പുഴ കെ.എസ്.ആർ.ടി.സി. ഓപ്പറേറ്റിംഗ് സെന്ററിൽ ഇപ്പോൾ 30 ഷെഡ്യൂളുകളും 33 ബസ്സുകളുമുണ്ട്. പ്രതിമാസ വരുമാനവും വർദ്ധിച്ചിട്ടുണ്ട്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം പുതിയ 9 ഷെഡ്യൂളുകൾ കൂടി ആരംഭിച്ചിട്ടുണ്ട്. ഡീസൽ പമ്പ് സ്ഥാപിക്കുന്നതിന് എക്സ്പ്ലോസീവ് ഡിപ്പോ ലൈസൻസിന് എൻ.ഒ.സി. ലഭിച്ചിട്ടുണ്ട്. താമസിയാതെ തുടങ്ങുന്നതാണ്. ഓപ്പറേറ്റിംഗ് സെന്റർ മാറ്റി സബ്ഡിപ്പോയാക്കുന്നതിന് ഏകദേശം 63 ലക്ഷം രൂപ വേണ്ടിവരുമെന്നുള്ളതിനാൽ ഇപ്പോഴത്തെ സാമ്പത്തികസ്ഥിതിവച്ച് അതിന് കഴിയില്ല. എന്നിരുന്നാലും ഓപ്പറേറ്റിംഗ് സെന്ററിന്റെ പ്രവർത്തനം കാര്യക്ഷമമായി നടത്തുന്നതിനും നിലവിലുള്ള ശോചനീയാവസ്ഥയ്ക്ക് പരിഹാരമുണ്ടാക്കുന്നതിന് ആവശ്യമായ പ്രവർത്തനങ്ങൾ നടത്തുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(8) ചെറുശ്ശേരി സ്മാരകം

ശ്രീമതി കെ. കെ. ലതിക: സാഹിത്യ-ചരിത്രവിദ്യാർത്ഥികൾക്ക് ഗവേഷണ സൗകര്യം ഒരുക്കുന്നതിന് മേപ്പയൂരിലെ മണിയൂരിൽ ചെറുശ്ശേരിയുടെ സ്മാരകം നിർമ്മിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.ഇതിലേയ്ക്ക് മേപ്പയൂരിൽ സ്ഥലം ലഭ്യമാക്കാൻ തയ്യാറാണ്.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എ. ബേബി): മേപ്പയൂരിൽ സ്ഥലം ലഭ്യമാക്കാമെന്ന് പറഞ്ഞ സ്ഥിതിക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടേയും ജനപ്രതിനിധികളുടേയും

സഹകരണത്തോടുകൂടി അവിടെ ചെറുശ്ശേരി സ്മാരകം നിർമ്മിക്കാനാവശ്യ മായ നടപടി സ്വീകരിക്കുന്നതാണ്.

(9) അദ്ധ്യാപകരുടെ ഒഴിവുകൾ

ശ്രീ. കെ. ബാബു : തൃപ്പൂണിത്തുറ ആർ.എൽ.വി. മ്യൂസിക് ആന്റ് ഫൈൻ ആർട്സ് കോളേജിലെ അദ്ധ്യാപകരുടെ ഒഴിവുകൾ നികത്താനും പെൺകുട്ടികൾക്ക് ഹോസ്റ്റൽ നിർമ്മിക്കുന്നതിനുമാവശ്യമായ നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എ. ബേബി): പ്രസ്തുത കോളേജിൽ ഒഴിവുള്ള 21 തസ്തികകളും പി.എസ്.സി. -ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പുതിയ തസ്തികകളുടെ കാര്യം വിദ്യാ ഭ്യാസവകുപ്പ് പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. ഹോസ്റ്റൽ നിർമ്മിക്കുന്ന തിന് അടിയന്തിരനടപടി സ്വീകരിക്കുന്നതാണ്.

(10) തടയണ നിർമ്മാണം

ശ്രീ. ടി. പി. കുഞ്ഞുണ്ണി: ആനക്കര-ഇരുമ്പിളിയം ഗ്രാമ പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന കൂട്ടക്കടവ് തടയണ എത്രയും പെട്ടെന്ന് നിർമ്മിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ.കെ. പ്രേമചന്ദ്രൻ): പാലക്കാട് ജില്ല യിലെ തൃത്താല നിയോജകമണ്ഡലത്തിലെ ആനക്കര പഞ്ചായത്തിൽ നിർമ്മിക്കാനുദ്ദേശിക്കുന്ന കൂട്ടക്കടവ് റെഗുലേറ്ററിന്റെ വിശദമായ പര്യവേഷണത്തിനുവേണ്ടി 18.5 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയി ട്ടുണ്ട്. പര്യവേഷണത്തിനുശേഷം ഐ.ഡി.ആർ.ബി. ചീഫ്എഞ്ചിനീയർ

ഡിസൈൻ തയ്യാറാക്കി വിശദമായ എസ്റ്റിമേറ്റുണ്ടാക്കി എത്രയുംവേഗം ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകി ടെണ്ടർ നടപടികൾ ആരംഭിക്കുന്നതാണ്.

(11) സ്റ്റാഫ് നേഴ്സ് നിയമനം

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സ്റ്റാഫ് നേഴ്സുമാരുടെ പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലിരിക്കെ സംസ്ഥാനത്തെ ആരോഗ്യ വകുപ്പിനുകീഴിലുള്ള പൊതുജനാരോഗ്യ കേന്ദ്രങ്ങളിൽ വർക്കിംഗ് അറേഞ്ച്മെന്റിൽ നിയമനം നടത്തുന്നത് തടയാനും വേക്കൻസികൾ പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്ത് നിയമനം നടത്താനുമാവശ്യമായ നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ): ആരോഗ്യ വകുപ്പിൽ കുറച്ച് നേഴ്സുമാരെ വർക്കിംഗ് അറേഞ്ച്മെന്റിൽ നിയമിച്ചിട്ടുണ്ടെങ്കിലും ആ വേക്കൻസികൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിനോ നിയമനം നടത്തുന്നതിനോ തടസ്സമില്ല. മെഡിക്കൽ എഡ്യൂക്കേഷൻ രംഗത്തുള്ള നേഴ്സുമാരുടെ ഇരട്ടനിയന്ത്രണം ഒഴിവാക്കുന്നതിനുവേണ്ടി നടത്തിയ പരിശ്രമത്തിനിടയിൽ കുറച്ച് നേഴ്സുമാർ ഓപ്ഷൻ നൽകാൻ തയ്യാറാകാത്തതിനാൽ അവരെ മാറ്റേണ്ടി വന്നതുകൊണ്ടാണ് ഇങ്ങനെയുള്ള പ്രശ്നമുണ്ടായത്. ഇപ്പോൾ സൂപ്പർന്യൂമററി തസ്തിക സൃഷ്ടിച്ച് പ്രശ്നങ്ങൾ പരിഹരിച്ചിട്ടുണ്ട്. ഇപ്പോൾ അവർക്ക് റീ-ഓപ്ഷൻ കൊടുക്കാനുള്ള അവസരം കൊടുത്തിട്ടുള്ളതിനാൽ അവരുടെകൂടി അഭിപ്രായം കണക്കിലെടുത്തുകൊണ്ട് രണ്ടുമൂന്ന് ആഴ്ചയ്ക്കുള്ളിൽ ഇത് മാറ്റാൻ സാധിക്കും. പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യേണ്ട ഒഴിവുകളെല്ലാം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(12) പാലോളി കമ്മീഷൻ ശുപാർശകൾ നടപ്പിലാക്കാൻ നടപടി

<u>ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി</u>: സച്ചാർ കമ്മീഷൻ റിപ്പോർട്ടിന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്ത് നടപ്പാക്കേണ്ട ക്ഷേമപ്രവർത്തനങ്ങൾ ശുപാർശ ചെയ്യുന്നതിനായി നിയോഗിക്കപ്പെട്ട പാലോളി മുഹമ്മദ്കുട്ടി കമ്മിറ്റി നൽകിയ റിപ്പോർട്ടിലെ ശുപാർശകൾ നടപ്പിലാക്കാനാവശ്യമായ നട പടി സ്വീകരിക്കണം.

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (<u>ശ്രീ. പാലോളി മുഹമ്മദ്കുട്ടി</u>): സച്ചാർ കമ്മിറ്റി റിപ്പോർട്ടിലെ ശുപാർശകൾ കേരളത്തിലെ സാഹചര്യങ്ങൾക്ക നുസരിച്ച് നടപ്പിലാക്കുന്നതിന് പാലോളി മുഹമ്മദ്കുട്ടി കമ്മിറ്റി സർക്കാരിന് നൽകിയ റിപ്പോർട്ട് നടപ്പിലാക്കിവരികയാണ്. കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ച് മാസങ്ങൾക്കുള്ളിൽത്തന്നെ മന്ത്രിസഭ അത് പൂർണ്ണമായി അംഗീകരിക്കു കയും നിർവ്വഹണ നടപടികൾ ആരംഭിക്കുകയും ചെയ്തു. 2008 മേയ് മാസ ത്തിൽ പൊതുഭരണ വകുപ്പിന് കീഴിൽ ന്യൂനപക്ഷ ക്ഷേമകാര്യങ്ങൾക്കായി പ്രത്യേക സെൽ രൂപീകരിക്കുകയും ഇതിനായി ഒരു പ്രത്യേക വകുപ്പ് രൂപീകരിക്കുന്നത് സംബന്ധിച്ച നടപടികൾ പുരോഗമിക്കുക യുമാണ്. പാലോളി കമ്മിറ്റി റിപ്പോർട്ട് സമയബന്ധിതമായി നടപ്പാക്കുന്നതിന് മേൽനോട്ടം വഹിക്കാനായി ഒരു സ്പെഷ്യൽ ഓഫീസറെ നിയമിച്ചിട്ടുണ്ട്. ന്യൂനപക്ഷങ്ങൾക്കായുള്ള വിവിധ ക്ഷേമ പദ്ധതികളും പ്രവർത്തനങ്ങളും ബന്ധപ്പെട്ട ജനങ്ങളെ അറിയിക്കുന്നതിനും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുമായി കളക്ടറേറ്റുകളിൽ പ്രത്യേക സെൽ രൂപീകരിച്ചിട്ടുണ്ട്. കോളേജ് വിദ്യാഭ്യാസ ഡയറക്ടർ വഴി സ്കോളർഷിപ്പ്, സ്റ്റൈപന്റ് എന്നിവ 2008-09 മുതൽ മുസ്ലീം പെൺകുട്ടികൾക്ക് നൽകിവരുന്നുണ്ട്. അഭ്യസ്തവിദ്യരായ മുസ്ലീം

യുവാക്കൾക്ക് മത്സരപരീക്ഷകൾക്ക് സഹായകരമാകുന്ന പ്രത്യേക കോച്ചിംഗ് നൽകുന്നതിന് അഞ്ച് കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് തീരുമാനിക്കുകയും കോഴിക്കോട്, പയ്യന്നൂർ കേന്ദ്രങ്ങൾ പ്രവർത്തനമാരംഭിക്കുകയും പൊന്നാനി കേന്ദ്രം ഉടൻ ആരംഭിക്കുന്നതുമാണ്. എറണാകുളം, തിരുവനന്തപുരം കേന്ദ്രങ്ങൾ നടപ്പുവർഷത്തിൽത്തന്നെ തുടങ്ങുന്നതാണ്. മദ്രസ്സ അദ്ധ്യാപകർക്കായി നിർദ്ദേശിച്ച ക്ഷേമപദ്ധതി സംബന്ധിച്ച മാർഗ്ഗരേഖയും ഉത്തരവും പുറപ്പെടുവിച്ചു. അംഗത്വ വിതരണ നടപടികൾ പുരോഗമിക്കുന്നു. കോഴിക്കോട് ആസ്ഥാനമായി ക്ഷേമനിധി പ്രവർത്തിക്കുകയാണ്. തലമുറകളായി കേരളത്തിൽ അധിവസിക്കുന്ന ദഖ്നി, കച്ചി-മേമൻ വിഭാഗങ്ങളെ മുസ്ലീം സംവരണാവകാശമുള്ളവരായി അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പാലോളി കമ്മിറ്റി ശുപാർശകളുടെ നിർവ്വഹണ പുരോഗതി വിലയിരുത്താനും നിർദ്ദേശങ്ങൾ നൽകാനുമായി സംസ്ഥാനതലത്തിലും ജില്ലാതലത്തിലും ബന്ധപ്പെട്ട വകുപ്പുകളുടെ ഉന്നത ഉദ്യോഗസ്ഥരടങ്ങിയ അവലോകന സമിതിക്ക് രൂപം നൽകിയിട്ടുണ്ട്. വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അപര്യാപ്തത നിലനിൽക്കുന്ന പ്രദേശങ്ങളെ മനസ്സിലാക്കുന്നതിന് ജില്ലാടിസ്ഥാനത്തിൽ സർവ്വേ നടന്നുവരുന്നു. പാലോളി കമ്മിറ്റി നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിന് 2008-09, 2009-2010 വർഷങ്ങളിലെ സംസ്ഥാന ബഡ്ജറ്റിൽ തുക അനുവദിച്ചിട്ടുണ്ട്.

(13) <u>കെഎസ്.ആർ.ടി.സി. ചെയിൻ സർവ്വീസ്</u>

ശ്രീ. എം. ഹംസ: ഒറ്റപ്പാലം-തൃശ്ശൂർ റൂട്ടിൽ 9 ബസ്സുകളെങ്കിലുമടങ്ങുന്ന കെ.എസ്.ആർ.ടി.സി.യുടെ ചെയിൻ സർവ്വീസ് ആരംഭിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ജോസ് തെറ്റയിൽ): ഒറ്റപ്പാലം-തൃശ്ശൂർ റൂട്ടിൽ കെ.എസ്.ആർ.ടി.സി. 16 ചെയിൻ സർവ്വീസ് തുടങ്ങാൻ തീരുമാനിച്ചിരിക്കുകയാണ്. പി.എസ്.സി.വഴിയും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്വഴിയും ആവശ്യമായ ജീവനക്കാരെ ലഭ്യമാകുന്ന മുറയ്ക്ക് ചെയിൻ സർവ്വീസ് തുടങ്ങുന്നതാണ്.

(14) പാറശ്ശാല താലൂക്ക് ആശുപത്രിയിൽ അത്യാഹിത വിഭാഗം

ശ്രീ. ആർ. സെൽവരാജ്: പാറശ്ശാല സർക്കാർ ആശുപത്രിയിൽ ഡോക്ടർമാരുടേയും ജീവനക്കാരുടേയും എണ്ണം വർദ്ധിപ്പിക്കാനും അത്യാഹിത വിഭാഗം ആരംഭിക്കാനും നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ): പാറശ്ശാല സർക്കാർ ആശുപത്രിയിലെ ഡോക്ടർമാരുടെ എണ്ണം 15 ആക്കി വർദ്ധിപ്പിച്ചിട്ടുണ്ട്. അവിടെ ഒരു അത്യാഹിത വിഭാഗം ആരംഭിക്കുന്ന കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

## മേശപ്പുറത്തുവച്ച കടലാസ്സുകൾ

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനമനുസരിച്ചുള്ള കടലാസ്സുകൾ മേശപ്പുറത്തുവച്ചു.

**ധനകാര്യം**

## 2010-2011 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ): താഴെപ്പറയുന്ന ധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XVIII - വൈദ്യസഹായ രംഗവും പൊതുജനാരോഗ്യവും (1225,20,52,000 രൂപ)

ധനാഭ്യർത്ഥന നമ്പർ XIX - കുടുംബക്ഷേമം (176,93,45,000 രൂപ)

ധനാഭ്യർത്ഥന നമ്പർ XLVI - സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും (738,08,33,000 രൂപ)

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ): പ്രമേയങ്ങളെ പിന്താങ്ങുന്നു.

ധനകാര്യ വകുപ്പുമന്ത്രിക്കുവേണ്ടി നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ): വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയേയും സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർത്ഥനയേയും സംബന്ധിച്ച ചട്ടം 236 (3) അനുസരിച്ചുള്ള പ്രസ്താവന മേശപ്പുറത്ത് വയ്ക്കുന്നു.

സർവ്വശ്രീ എൻ. ശക്തൻ, കെ.സി. ജോസഫ്, ആര്യാടൻ മുഹമ്മദ്, കെ. ബാബു, അടൂർ പ്രകാശ്, സി.പി. മുഹമ്മദ്, തേറമ്പിൽ രാമകൃഷ്ണൻ, ഡൊമിനിക് പ്രസന്റേഷൻ, എ. എ. ഷുക്കൂർ, തിരുവഞ്ചൂർ രാധാകൃഷ്ണൻ,

എ. പി. അബ്ദുള്ളക്കുട്ടി, കെ. ശിവദാസൻ നായർ, ജി. കാർത്തികേയൻ, എം.എ. വാഹീദ്, കെ.കുട്ടി അഹമ്മദ് കുട്ടി, എം.ഉമ്മർ, കെ. മുഹമ്മദുണ്ണി ഹാജി, അബ്ദുറഹിമാൻ രണ്ടത്താണി, വി. ഡി. സതീശൻ, ജോസഫ് എം. പുതുശ്ശേരി, തോമസ് ഉണ്ണിയാടൻ, കെ.കെ. ഷാജു, വി. കെ. ഇബ്രാഹിം കുഞ്ഞ്, പി. കെ. അബ്ദുറബ്ബ്, പ്രൊഫ. എൻ. ജയരാജ്, എന്നീ അംഗങ്ങൾ ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിച്ചു.

ശ്രീ. എം.എ. വാഹീദ് : ധനാഭ്യർത്ഥനകളെ എതിർക്കുന്നു. സാമൂഹ്യ ക്ഷേമവകുപ്പിന്റെ കീഴിലുള്ള അംഗൻവാടികളുടെ സ്ഥിതി ശോചനീയമാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് അംഗൻവാടി കെട്ടിടങ്ങൾ നിർമ്മിക്കാൻ അനുവദിച്ച 27 കോടി രൂപ ചെലവഴിക്കാൻ നടപടി സ്വീകരിക്കണം. അംഗൻവാടികൾ സന്ദർശിക്കാൻ വകുപ്പുമന്ത്രി തയ്യാറാകണം. കഴിഞ്ഞ നാലരവർഷക്കാലമായി കുടുംബക്ഷേമ വകുപ്പിൽ യാതൊരുവിധ ക്ഷേമപ്രവർത്തനങ്ങളും നടത്തിയിട്ടില്ല. വിവിധതരം പനികൾ കേരളത്തിൽ പടർന്നുപിടിക്കുന്നതുകാരണം ജനങ്ങൾ ബുദ്ധിമുട്ടനുഭവിക്കുകയാണ്. പകർച്ചപ്പനി നിയന്ത്രിക്കാൻ രോഗപ്രതിരോധ പ്രവർത്തനങ്ങളും ശുചീകരണ പ്രവർത്തനങ്ങളും നടത്തണം. കൊതുകുനിവാരണത്തിനുള്ള മരുന്നു തളിക്കാൻ മുനിസിപ്പാലിറ്റിയിൽ ആവശ്യത്തിന് സ്റ്റാഫിനെ നിയമിക്കണം. സർക്കാർ ആശുപത്രികളിൽ ഗുണനിലവാരമുള്ള മരുന്നുകൾ വിതരണം നടത്താൻ ശ്രദ്ധിക്കണം. മെഡിക്കൽ സർവ്വീസ് കോർപ്പറേഷന്റെ മരുന്ന് ഇടപാടിനെക്കുറിച്ച് ജുഡീഷ്യൽ അന്വേഷണം നടത്തണം.

ശ്രീ. വി. ജെ. തങ്കപ്പൻ : ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ആരോഗ്യവകുപ്പിന്റെ ഫലപ്രദമായ പ്രവർത്തനത്തിലൂടെ ചിക്കുൻഗുനിയ

ഉൾപ്പെടെയുള്ള പകർച്ചവ്യാധികളെ നിയന്ത്രണ വിധേയമാക്കാൻ കഴിഞ്ഞിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റ് സഹായത്തോടുകൂടി വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കാൻ കഴിഞ്ഞു. സംസ്ഥാനത്തെഓരോ വാർഡിനും ഹെൽത്ത് സെന്ററുകൾക്കും ധനസഹായം നൽകികൊണ്ട് കൊതുകുനിവാരണത്തിനുള്ള മാർഗങ്ങൾ അവലംബിക്കാനും സാധിച്ചിട്ടുണ്ട്. പകർച്ചവ്യാധികളെ ഉന്മൂലനം ചെയ്യുന്നതിനായി തദ്ദേശഭരണസ്ഥാപനങ്ങൾക്ക് പരിസരശുചീകരണത്തിന് സാമ്പത്തികസഹായം നൽകിയതുവഴി മൺസൂൺ സീസണിൽ സാധാരണയുണ്ടാകുന്ന പനി തടയാൻ സാധിച്ചു. കേന്ദ്ര സർക്കാരിന്റെ സഹായത്തോടുകൂടി എല്ലാ മെഡിക്കൽകോളേജുകളും നവീകരിക്കുന്നതിനും പ്രത്യേകിച്ചും തിരുവനന്തപുരം, കോഴിക്കോട് എന്നീ മെഡിക്കൽ കോളേജുകളിൽ 120 കോടി രൂപ മുടക്കി കെട്ടിടങ്ങൾ പൂർത്തിയാക്കുന്നതിനും ആധുനികരീതിയിലുള്ള ഉപകരണങ്ങൾ വാങ്ങുന്നതിനും സാധിച്ചിട്ടുണ്ട്. സാമൂഹ്യക്ഷേമ വകുപ്പിന് കീഴിലുള്ള അംഗൻവാടികളിലെ വർക്കർമാർക്കും ഹെൽപ്പർമാർക്കും പെൻഷൻ നൽകുന്നതിനും അലവൻസ് വർദ്ധിപ്പിക്കുന്നതിനും നടപടികൾ സ്വീകരിച്ചു. അംഗൻവാടികളെ പ്രദേശികമായ വിദ്യാഭ്യാസ സ്ഥാപനങ്ങളാക്കുന്നതിനും ഗർഭിണികൾക്കും അമ്മമാർക്കും വൈറ്റമിൻ ഗുളികകളും മറ്റും ലഭിക്കുന്ന കേന്ദ്രമാക്കിമാറ്റുന്നതിനുമുള്ള കേന്ദ്രസർക്കാരിന്റെ പരിപാടി നടപ്പിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. കായലോരങ്ങളിലെ ജനങ്ങൾക്ക് ഫ്ളോട്ടിംഗ് ഡിസ്പെൻസറികൾ നടപ്പിലാക്കി. എൻഡോസൾഫാനിലെ വിഷവാതകം ശ്വസിച്ച് അസുഖം ബാധിച്ചവർക്കും അവരെ ശുശ്രൂഷിക്കുന്നവർക്കും സാമ്പത്തിക സഹായം നൽകാൻ തീരുമാനിച്ചു. വിധവകളുടെ പുനർവിവാഹത്തിന് 25000

രൂപ അനുവദിച്ചു. ആശ്വാസകിരണം പദ്ധതി ആവിഷ്ക്കരിച്ചു. മുൻകാലങ്ങളെ അപേക്ഷിച്ച് ആരോഗ്യവകുപ്പിന്റെ പ്രവർത്തനം മെച്ചപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ട്.

ശ്രീ. ജോസഫ് എം. പുതുശ്ശേരി: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. പനിയേയും പനിമരണങ്ങളേയും സംബന്ധിച്ച് ഞെട്ടിപ്പിക്കുന്ന വാർത്തകളാണ് മാധ്യമങ്ങളിൽ വരുന്നത്. സർക്കാർ കണക്കുകൾപ്രകാരം ഏകദേശം രണ്ടര ലക്ഷത്തിൽക്കൂടുതൽ ആളുകൾ പനി ബാധിച്ച് സർക്കാർ ആശുപത്രികളിൽ അഭയം തേടിയിട്ടുണ്ട്. ഇത്തരം അവസ്ഥാവിശേഷങ്ങൾ നേരിടുന്നതിന് സർക്കാർ സംവിധാനം കാര്യക്ഷമമാക്കുന്നതുമായി ബന്ധപ്പെട്ട് വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ യുദ്ധകാലാടിസ്ഥാനത്തിൽ പ്രവർത്തനങ്ങൾ നടത്തണം. ആശുപത്രികളിൽ ആവശ്യമായ ഡോക്ടർമാരെ നിയമിക്കാൻ നടപടി സ്വീകരിക്കണം. ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന്റെ നേട്ടങ്ങളെക്കുറിച്ച് തമിഴ്നാട്ടിലെ ജനങ്ങളെ ബോധ്യപ്പെടുത്താൻ തമിഴ്ഭാഷയിൽ പരസ്യം കൊടുക്കാനുള്ള വിവേകം ഗവൺമെന്റ് കാണിക്കണം. പൊതുജനാരോഗ്യരംഗം കാര്യക്ഷമമാക്കണം. പാവപ്പെട്ടയാളുകൾക്ക് സൗജന്യമായി കൊടുക്കാനുള്ള മരുന്നുകൾ ഗുണനിലവാരം കുറഞ്ഞതാകയാൽ കെട്ടിക്കിടക്കുകയാണ്. മന്തുരോഗനിവാരണത്തിനായി ഗുണമേന്മയില്ലാത്ത മരുന്നാണ് വിതരണം ചെയ്തത്. ആരോഗ്യ വകുപ്പിൽ മരുന്നുവാങ്ങലുമായി ബന്ധപ്പെട്ട് നടക്കുന്ന അഴിമതി അവസാനിപ്പിക്കണം. കേരളത്തിൽ 350-ലേറെ കമ്പനികൾ കൂടിയ വിലയ്ക്ക് മരുന്ന് വില്പന നടത്തുന്നതായി ഡ്രഗ്സ് ഇന്റലിജൻസ് നൽകിയ റിപ്പോർട്ടിന്മേൽ കർശന നടപടി സ്വീകരിക്കണം. മരുന്നുവാങ്ങലുമായി

ബന്ധപ്പെട്ട കാര്യങ്ങളിൽ മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ യാതൊരു മാനദണ്ഡവും പാലിക്കുന്നില്ല.

ശ്രീ. പള്ളിപ്രം ബാലൻ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കുത്തഴിഞ്ഞുകിടന്ന ആരോഗ്യ മേഖലയ്ക്ക് പുതുജീവൻ നൽകാൻ ഈ ഗവൺമെന്റിന് കഴിഞ്ഞു. പകർച്ചപ്പനി മുൻകൂട്ടി കണ്ടുകൊണ്ട് ആശുപത്രിക ളിൽ സുരക്ഷിതമായ ചികിത്സാസംവിധാനം ഏർപ്പെടുത്തുകയും സന്നദ്ധ പ്രവർത്തകരുടേയും ജനപ്രതിനിധികളുടേയുമെല്ലാം പങ്കാളിത്തത്തോടുകൂടി നാട്ടിൻപുറങ്ങളിലും കോളനികളിലും നഗരങ്ങളിലുമൊക്കെ ശുചീകരണ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുകയും ചെയ്തു. മരുന്ന് ഉൾപ്പെടെ എല്ലാ അടിസ്ഥാനസൗകര്യങ്ങളും ഏർപ്പെടുത്തി സർക്കാർ ആശുപത്രികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനു പരമാവധി ശ്രമിച്ചുകൊണ്ടിരിക്കുകയാ ണ്. കേരളത്തിലെ സാന്ത്വനചികിൽസാ പദ്ധതി ലോകശ്രദ്ധ പിടിച്ചുപറ്റിയ ഒരു സംവിധാനമായി വളർത്തിക്കൊണ്ടുവരുന്നതിന് സാധിച്ചു. സാമൂഹ്യസേവന മേഖലകളിൽ മെച്ചപ്പെട്ട പ്രവർത്തനം കാഴ്ചവയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്. അംഗൻവാടികളിലെ ജീവനക്കാർക്ക് പെൻഷൻ ഉൾപ്പെടെയു ള്ള ആനുകൂല്യങ്ങൾ ലഭ്യമാക്കി. കാസർഗോഡ് ജില്ലയിൽ എൻ.ആർ. എച്ച്.എം.ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കിക്കൊണ്ടിരുന്ന കമ്മ്യൂണിറ്റി മെന്റൽ ഹെൽത്ത് പ്രോഗ്രാമിന്റെ പ്രവർത്തനം പുന:സ്ഥാപിക്കണം. ജില്ലാ ആശുപ ത്രികളിലേയും മലയോര മേഖലകളിലെ പ്രൈമറി ഹെൽത്ത് സെന്റ റുകളിലേയും ഡോക്ടർമാരുടെ ഒഴിവുകൾ അടിയന്തിരമായി നികത്തണം. ആരോഗ്യവകുപ്പ് നടത്തിക്കൊണ്ടിരിക്കുന്ന ജനക്ഷേമകരമായ പ്രവർത്തന ങ്ങൾ കൂടുതൽ മെച്ചപ്പെടുത്താൻ നടപടി സ്വീകരിക്കണം. ഡോക്ടർമാരെ

സേവന മേഖലയിലേയ്ക്ക് കൊണ്ടുവരുന്നതിന് ആവശ്യമായ നടപടി സ്വീക രിക്കണം.

ശ്രീ. യു.സി.രാമൻ: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. സംസ്ഥാനത്തെ ആശുപത്രികളിൽ ആവശ്യത്തിന് ഡോക്ടർമാരും നേഴ്സുമാരും ജീവനക്കാരും മരുന്നും ലഭ്യമാക്കണം. പകർച്ചപ്പനി ഉൾപ്പെടെയുള്ള രോഗങ്ങൾ ചികിൽസിക്കുന്നതിന് സംവിധാനം ഏർപ്പെടുത്തണം. എൻ.ആർ. എച്ച്.എം. ഫണ്ട് ഫലപ്രദമായി വിനിയോഗിക്കണം. സ്പെഷ്യാലിറ്റി കേഡർ സിസ്റ്റം നടപ്പിലാക്കണം. മലയോരമേഖലയിലെ ആശുപത്രികളിൽ ആവശ്യ ത്തിന് ഡോക്ടർമാരെ നിയമിക്കണം. കോഴിക്കോട് മെഡിക്കൽ കോളേജിലെ പ്രാകൃത പോസ്റ്റ്മോർട്ടം സംവിധാനം നിറുത്തലാക്കണം. പോസ്റ്റ്മോർട്ടം സംബന്ധിച്ച കെമിക്കൽ റിപ്പോർട്ട് എത്രയും വേഗം ലഭ്യമാക്കാൻ നടപടി സ്വീകരിക്കണം. വർദ്ധിച്ചുവരുന്ന ശിശുമരണ നിരക്കും മാതൃമരണ നിരക്കും കുറയ്ക്കാനാവശ്യമായ നടപടിയെടുക്കണം. പഞ്ചായത്തുകൾ വഴിയുള്ള പോഷകാഹാര വിതരണം യഥാർത്ഥ ഗുണഭോക്താക്കൾക്ക് ലഭിക്കു ന്നുണ്ടെന്ന് ഉറപ്പുവരുത്തണം. അംഗൻവാടി ജീവനക്കാരുടെ ശമ്പളം പരി ഷ്ക്കരിക്കണം. കോഴിക്കോട് ചെറൂപ്പ ആശുപത്രിയിൽ ഒ.പി/ഐ.പി. വിഭാ ഗങ്ങളുടെ പ്രവർത്തനം ഫലപ്രദമാക്കണം. ഒരു ഡോക്ടറെക്കൂടി നിയമിച്ച് കുന്നമംഗലം പി.എച്ച്.സി.യുടെ പ്രവർത്തനം സുഗമമാക്കണം.

ശ്രീ. മാത്യു ടി. തോമസ്: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. സ്പെഷ്യാലിറ്റി കേഡർ ഉൾപ്പെടെ ആത്യന്തികമായ വിജയം ലക്ഷ്യം വച്ചുകൊണ്ടുള്ള നടപടികളാണ് ആരോഗ്യമേഖലയിൽ നടപ്പിലാക്കിക്കൊണ്ടി രിക്കുന്നത്. പാവപ്പെട്ട ജനവിഭാഗങ്ങൾക്ക് 75000 രൂപവരെ ചികിൽസാ

സഹായം ലഭ്യമാക്കാനുള്ള നടപടി സ്വീകരിച്ചു. 18 വയസ്സുവരെയുള്ള കുട്ടികൾക്ക് സൗജന്യ ചികിൽസ ലഭ്യമാക്കി. പകർച്ചവ്യാധികളെ നിയന്ത്രിച്ച് പൊതുജനാരോഗ്യം മെച്ചപ്പെടുത്താൻ നടപടി സ്വീകരിച്ചു. ഏതാനും സാമൂഹികാരോഗ്യ കേന്ദ്രങ്ങളെ ദേശീയ പൊതുജനാരോഗ്യ നിലവാരത്തിലേയ്ക്ക് ഉയർത്തി. പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ പശ്ചാത്തല സൗകര്യങ്ങൾ വികസിപ്പിക്കുകയും ആധുനിക ചികിൽസാ ഉപകരണങ്ങൾ ലഭ്യമാക്കുകയും ചെയ്തു. ജനനീ സുരക്ഷാ പദ്ധതിയിലൂടെ ധാരാളം അമ്മമാർക്ക് സഹായം നൽകി. സൗജന്യ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കി. മാതൃപരിരക്ഷാ പദ്ധതിയിലൂടെ മാതൃ-ശിശുമരണ നിരക്കുകൾ കുറച്ചുകൊണ്ടുവരാൻ സാധിച്ചു. സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രി, ജനറൽ ആശുപത്രി എന്നിവിടങ്ങളിലെ പശ്ചാത്തല സൗകര്യങ്ങൾ മെച്ചപ്പെടുത്തി. യു.ജി.സി. നിരക്കിൽ ശമ്പളം പരിഷ്ക്കരിച്ച് മെഡിക്കൽകോളേജ് അദ്ധ്യാപകരുടെ സ്വകാര്യ പ്രാക്ടീസ് നിറുത്തലാക്കി. മെഡിക്കൽകോളേജുകളെ റഫറൽ യൂണിറ്റുകളാക്കി മാറ്റി. മരുന്നുവിതരണവും സംഭരണവും സുതാര്യമാക്കി. ആശുപത്രികളിലെ മരുന്നുക്ഷാമത്തിന് അറുതിവരുത്തി. ആശുപത്രി മാനേജ്മെന്റ് കമ്മിറ്റികളിൽ എം.എൽ.എ.മാരെ ഉൾപ്പെടുത്തണം. നിർമ്മാണ പ്രവർത്തനങ്ങൾ ഫലപ്രദമാക്കുന്നതിന് പി.ഡബ്ലിയു.ഡി. യുമായി കോ-ഓർഡിനേഷൻ ഉണ്ടാക്കാൻ നടപടി സ്വീകരിക്കണം. കോഴഞ്ചേരി സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രിയിൽ ഒരു കോടി അറുപത്തിയഞ്ച് ലക്ഷം രൂപ മുടക്കി വികസനം നടപ്പാക്കി. പത്തനംതിട്ട ജനറലാശുപത്രിയിൽ പുതിയ ബ്ലോക്ക് നിർമ്മിക്കുകയും അടൂർ ജനറലാശുപത്രിയിൽ നിർമ്മാണപ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കുകയും ചെയ്തു. പത്ത

നംതിട്ട ജില്ലയിലെ പ്രധാന ആശുപത്രിക്ക് അമ്പത് ലക്ഷം രൂപയുടെ ഉപകര ണങ്ങൾ നൽകി. ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിലൂടെ 1048 പേർക്ക് 24 ലക്ഷം രൂപ അനുവദിച്ചു.

ശ്രീ. എം. കെ. പുരുഷോത്തമൻ : ധനാഭ്യർത്ഥനകളെ അനുകൂലി ക്കുന്നു. ആരോഗ്യവകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കാൻ സാധിച്ചു. സർക്കാർ ആശുപത്രികളിൽ ആവശ്യത്തിന് ഡോക്ടർമാരെ നിയമിക്കാനോ സർക്കാരിൽ അപേക്ഷപോലും സമർപ്പിക്കാതെ ലീവെടുക്കുന്ന ഡോക്ടർമാരെ തിരിച്ചുവിളിക്കാനോ അവർക്കെതിരെ നടപടി സ്വീകരി ക്കാനോ സാധിക്കാതിരുന്ന സ്ഥാനത്ത് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വളരെ ജാഗ്രതയോടെ ഇടപെട്ടതിന്റെ ഫലമായി 4700-ഓളം ഡോക്ടർമാർ സർക്കാർ ആശുപത്രികളിൽ സേവനമനുഷ്ഠിക്കുന്ന സ്ഥിതിയുണ്ടായിട്ടുണ്ട്. ഡോക്ടർമാർ അടക്കമുള്ള സ്റ്റാഫുകളുടെ എണ്ണം വർദ്ധിപ്പിക്കാനുള്ള നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്. സർക്കാർ ആശുപ ത്രികളിൽ ആവശ്യത്തിന് മരുന്ന് ലഭ്യമാക്കാൻ കഴിഞ്ഞു. ഇൻഡ്യയിൽ ആദ്യ മായിട്ടാണ് സംസ്ഥാനത്തെ സർക്കാർ ആശുപത്രികൾക്ക് നാഷണൽ അക്രെഡിറ്റേഷൻ അംഗീകാരം ലഭിക്കുന്നത്. സ്വകാര്യ ആശുപത്രി കളിലുള്ളതിനേക്കാൾ മികച്ച അടിസ്ഥാനസൗകര്യങ്ങൾ സർക്കാർ ആശുപത്രികളിൽ ഏർപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്. സാധാരണക്കാർ സർക്കാർ ആശുപത്രികളിൽ ചികിൽസയ്ക്കെത്തുന്ന സാഹചര്യം സൃഷ്ടി ക്കാൻ കഴിഞ്ഞു. കേരളത്തിലാദ്യമായി രണ്ട് ഫ്ളോട്ടിംഗ് ഡിസ്പെൻസറി ആരംഭിച്ചതുവഴി ദ്വീപുകളിൽ ജീവിക്കുന്ന പാവപ്പെട്ട ജനങ്ങൾക്ക് ചികിത്സാ

സൗകര്യം ലഭ്യമായി. ആരോഗ്യവകുപ്പിനെ ജീവസ്സുറ്റതാക്കാൻ ഈ ഗവൺമെന്റിന് സാധിച്ചു.

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. സംസ്ഥാനത്ത് പകർച്ചപ്പനിയും സാംക്രമികരോഗങ്ങളും പടർന്നുപിടിക്കുന്നത് തടയാൻ നടപടി സ്വീകരിക്കണം. ഡോക്ടർമാരുടെ സ്ഥലംമാറ്റം കാലവർഷം തുടങ്ങുന്നതിനുമുമ്പ് പൂർത്തിയാക്കേണ്ടതായിരുന്നു. സ്പെഷ്യാലിറ്റി കേഡർ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട അപാകതകൾ പരിഹരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ഡോക്ടർമാർ നടത്താൻ തീരുമാനിച്ചിരിക്കുന്ന നിസ്സഹകരണ സമരം ഒഴിവാക്കാൻ നടപടി സ്വീകരിക്കണം. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രഗത്ഭരായ ഒട്ടേറെ ഡോക്ടർമാർക്ക് രാജിവച്ച്പോകേണ്ട സ്ഥിതിവിശേഷമുണ്ടായിട്ടുണ്ട്. ഡോക്ടർമാരെ ശത്രുക്കളായി കാണുന്ന സമീപനം മാറ്റണം. കേന്ദ്രസർക്കാരിന്റെ എൻ.ആർ.എച്ച്.എം. പദ്ധതിയിലൂടെ ലഭിക്കുന്ന കോടിക്കണക്കിന് രൂപ വ്യക്തമായ ആസൂത്രണമില്ലാതെ ഗവണ്മെന്റ് ധൂർത്തടിക്കുകയാണ്. ഗ്രാമീണ മേഖലയുടെ ആരോഗ്യ പ്രവർത്തനത്തിന് ചെലവഴിക്കേണ്ട തുകയിൽ നിന്ന് പരസ്യത്തിനും പുസ്തകങ്ങൾക്കുമായി പത്തുകോടി രൂപ ചെലവഴിച്ചത് അപലപനീയമാണ്. കൊണ്ടോട്ടി നിയോജകമണ്ഡലത്തിലെ പള്ളിക്കൽ, വാഴക്കാട്, വാഴയൂർ പി.എച്ച്.സി. കളിൽ കിടത്തി ചികിത്സ ആരംഭിക്കാനുള്ള നടപടി സ്വീകരിക്കണം. കഴിഞ്ഞ ഒക്ടോബർ നവംബർ മാസങ്ങളിൽ പ്രഖ്യാപിച്ച താൽക്കാലിക ഹോമിയോ, ആയുർവേദ, യുനാനി ഡിസ്പെൻസറികൾ സ്ഥിരം സംവിധാനമാക്കുകയും ഡോക്ടർമാരുടെ തസ്തികകൾ സൃഷ്ടിക്കുകയും വേണം. കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളെ പ്രാഥമിക റഫറൽ യൂണിറ്റുകളാക്കുന്നതിനും ആവശ്യമായ തസ്തികകൾ അനുവദിക്കാനുമുള്ള നടപടികൾ

സ്വീകരിക്കണം. കൊണ്ടോട്ടി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിനെ താലൂക്ക് ആശുപത്രിയുടെ നിലവാരത്തിലേയ്ക്ക് ഉയർത്തണം. ജനറൽ ആശുപത്രി യായി ഉയർത്തിയ മഞ്ചേരിയിലെ സയ്യിദ് മുഹമ്മദലി ശിഹാബ് തങ്ങൾ സ്മാരക ആശുപത്രിയിൽ രോഗികളുടെ എണ്ണത്തിനനുസരിച്ച് ഡോക്ടർമാരെ നിയമിക്കാനും വിവിധ ഡിപ്പാർട്ടുമെന്റുകൾ തുടങ്ങാനും നട പടി സ്വീകരിക്കണം. കോഴിക്കോട് മെഡിക്കൽ കോളേജിലും മഞ്ചേരി ജന റൽ ആശുപത്രിയിലും ക്യാൻസറിന് നൂതന ചികിത്സാ സൗകര്യങ്ങൾ ഏർപ്പെ ടുത്തണം. മരുന്നുകളുടെ ഗുണനിലവാരം വർദ്ധിപ്പിക്കാനും ജീവൻരക്ഷാ മരുന്നുകൾ വിലകുറച്ച് ലഭ്യമാക്കാനും നടപടി സ്വീകരിക്കണം. ക്യാൻസർ, വൃക്ക രോഗം തുടങ്ങിയവയുടെ മരുന്നുകൾക്ക് അമിത വില ഈടാ ക്കുന്നതിനെതിരെ നടപടി സ്വീകരിക്കണം. പാവപ്പെട്ട രോഗികളെ ചികിൽസി ക്കുന്നതിനുള്ള സഹായപദ്ധതികൾ ഏർപ്പെടുത്തണം. തദ്ദേശഭരണ സ്ഥാപന ങ്ങളും ആരോഗ്യവകുപ്പും ചേർന്നുകൊണ്ട് ശുചീകരണപ്രവർത്തനങ്ങൾ നട പ്പിലാക്കണം. സ്ത്രീകൾ, കുട്ടികൾ, വൃദ്ധർ, അംഗവൈകല്യം സംഭവിച്ചവർ എന്നിവരുടെ ക്ഷേമത്തിന് പ്രത്യേക പരിഗണന നൽകണം. അംഗൻവാടിക ളുടെ പ്രവർത്തനം കുറേക്കൂടി മെച്ചപ്പെടുത്തണം. അംഗൻവാടി കെട്ടിട ങ്ങൾക്ക് സ്വന്തമായി കെട്ടിടം പണിയുന്നതിന് പ്രത്യേകം ഫണ്ട് അനുവദിക്ക ണം. അംഗീകാരമില്ലാത്ത വൃദ്ധ സദനങ്ങൾ പരിശോധിക്കാനാവശ്യമായ നട പടി സ്വീകരിക്കണം.

ശ്രീമതി കെ.എസ്. സലീഖ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കേന്ദ്ര ഗവൺമെന്റ് പോട്രോളിയം ഉൽപ്പന്നങ്ങളുടെ വില വർദ്ധിപ്പിച്ചതുവഴി നിത്യോപയോഗ സാധനങ്ങൾക്ക് വിലക്കയറ്റം ഉണ്ടായിരിക്കുകയാണ്. ആരോഗ്യ സാമൂഹ്യക്ഷേമവകുപ്പിൽ നിരവധി വികസനപ്രവർത്തനങ്ങൾ നട

പ്പിലാക്കാൻ കഴിഞ്ഞു. ധർമ്മാശുപത്രി സംവിധാനത്തെ പുനരുജ്ജീവിപ്പിച്ച് മികവിന്റെ കേന്ദ്രങ്ങളാക്കിയതും ജനങ്ങളുടെ ആരോഗ്യ പരിരക്ഷ ഉറപ്പാക്കി യതും സർക്കാരിന്റെ സുപ്രധാന നേട്ടങ്ങളിലൊന്നാണ്. 35 ലക്ഷം വരുന്ന പാവപ്പെട്ടവർക്ക് 70,000 രൂപ വരെയുള്ള ചികിത്സ സൗജന്യമാക്കാനും മാരക രോഗം ബാധിച്ച 18 വയസ്സുവരെയുള്ള കുട്ടികൾക്ക് സൗജന്യ ചികിത്സാ പദ്ധതി നടപ്പിലാക്കാനും സർക്കാരിന് സാധിച്ചിട്ടുണ്ട്. വൈദ്യ വിദ്യാഭ്യാസ മേഖല കൂടുതൽ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി അക്കാഡമിക് നില വാരം ഉയർത്തുന്നതിനും പഠന ഗവേഷണങ്ങൾക്ക് ഊന്നൽ നൽകുന്ന തിനുംവേണ്ടി കേരളത്തിൽ ഒരു മെഡിക്കൽ യൂണിവേഴ്സിറ്റി സ്ഥാപിച്ചു. പ്രതിവർഷം 120 കോടി രൂപയുടെ അധിക ബാധ്യത ഏറ്റെടുത്തുകൊണ്ടാണ് സർക്കാർ ഡോക്ടർമാർക്ക് മെച്ചപ്പെട്ട വേതനം ഉറപ്പ് വരുത്തിയിട്ടുള്ളത്. രോഗികൾക്ക് വൈദ്യ സഹായം ഉറപ്പുവ രുത്തുന്നതിനായി നടപ്പിലാക്കിയ മെഡിക്കൽകോളേജുകളിലെ ഡോക്ടർമാ രുടെ സ്വകാര്യ പ്രാക്ടീസ് നിരോധനം സ്വാഗതാർഹമാണ്. മെഡിക്കൽ കോളേജുകളിൽ നിലവിലുള്ള തസ്തികകളേക്കാൾ കൂടുതൽ അദ്ധ്യാപക രുടെ സേവനം ലഭ്യമാക്കാനുതകുന്ന റെസിഡൻസി സമ്പ്രദായവും മെഡി ക്കൽ കോളേജുകളെ റഫറൽ ആശുപത്രിയാക്കിയ നടപടിയും അഭനന്ദ നാർഹമാണ്. സർക്കാരിന്റെ പൂർണ്ണനിയന്ത്രണത്തിലുള്ള മജ്ജ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ യൂണിറ്റ് ആർ.സി.സി.യിൽ ആരംഭിച്ചതോടുകൂടി ഇത്തരം ഒരു യൂണിറ്റ് പ്രവർത്തിക്കുന്ന നാലാമത്തെ സംസ്ഥാനമായി കേരളം മാറിയിരിക്കുന്നു. ആർ.സി.സി.യിൽ മോർഫിൻ ഉദ്പാദന യൂണിറ്റ് ആരംഭി ച്ചതും ക്ഷയരോഗ നിർണ്ണയത്തിനുള്ള ലബോറട്ടറിയെ ഇൻഡ്യയിലെ ഏറ്റവും

മികച്ച ലാബുകളിലൊന്നായി ഉയർത്തിയതും പേവിഷബാധിതർക്കുള്ള കുത്തിവയ്പ് പൂർണ്ണമായും സൗജന്യമാക്കിയതും 'ജനനി സുരക്ഷാ യോജനാ' പദ്ധതി ഫലപ്രദമായി നടപ്പിലാക്കാൻ സാധിച്ചതും മികച്ച നേട്ടങ്ങളാണ്. പ്രസവാവധി 180 ദിവസമാക്കിയതും ഗർഭാശയ ശസ്ത്രക്രിയയ്ക്കുള്ള അവധി 45 ദിവസമാക്കിയതും സ്വാഗതാർഹമാണ്. മരുന്നുവിതരണവും സംഭരണവും സംബന്ധിച്ച ആക്ഷേപങ്ങളും പരാതികളും ഇല്ലാതാക്കാനും പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ മുതൽ മെഡിക്കൽ കോളേജുകൾ വരെയുള്ള ആശുപത്രികളിലെ മരുന്ന് ക്ഷാമം പരിഹരിക്കാനും കഴിഞ്ഞിട്ടുണ്ട്. സംസ്ഥാനത്ത് അനധികൃതമായി പ്രവർത്തിക്കുന്ന മസാജ് പാർലറുകൾക്കും ആയുർവേദ ചികിത്സാ കേന്ദ്രങ്ങൾക്കുമെതിരെ കർശന നടപടികൾ സ്വീകരിച്ചു. ഹോമിയോപതിക്ക് വേണ്ടത്ര പ്രാധാന്യം നൽകുകയും പുതിയ ആശുപത്രികൾ അനുവദിക്കുകയും എല്ലാ ഹോമിയോപതി ആശുപത്രികളിലും ആർ.എം.ഒ.മാരുടെ തസ്തിക അനുവദിക്കുകയും വേണം. സാമൂഹ്യക്ഷേമ വകുപ്പിൽ മാതൃകാപരമായ പ്രവർത്തനങ്ങളാണ് സർക്കാർ നടത്തിയിട്ടുള്ളത്. അംഗൻവാടികളുടെ എണ്ണം വർദ്ധിപ്പിച്ചു. ശയ്യാവലംബരായവരെ പരിചരിക്കുന്നവർക്ക് പ്രതിമാസം 300 രൂപ നിരക്കിൽ സഹായം അനുവദിച്ചത് ഈ ഗവണ്മെന്റാണ്. സ്ത്രീശാക്തീകരണം ലക്ഷ്യമാക്കിക്കൊണ്ട് വെബ്പോർട്ടൽ രൂപീകരിച്ചതും 9 ഷെൽട്ടർ ഹോമുകൾ തുറക്കുകയും 14 ജില്ലകളിലും പ്രൊട്ടക്ഷൻ ഓഫീസർമാരെ നിയമിക്കുകയും ചെയ്തത് സ്വാഗതാർഹമാണ്.

<u>ശ്രീ. കെ. ടി. ജലീൽ:</u> ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ഡോക്ടർമാരുടെ ദീർഘകാല അവധി റദ്ദ് ചെയ്തുകൊണ്ട് അവരെ സർവ്വീസിൽ പുനപ്രവേശിപ്പിക്കാൻ കൈക്കൊണ്ടിട്ടുള്ള നടപടി പ്രശംസനീയമാണ്. സർക്കാർ ആശുപത്രികളുടെ സ്ഥിതി മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി രണ്ടുവർഷംമുമ്പ് ഡോക്ടർമാരുടെ ദീർഘകാല അവധി റദ്ദ് ചെയ്ത് വിജ്ഞാപനം പുറപ്പെടുവിക്കുകയും 1800-ഓളം ഡോക്ടർമാരുടെ തസ്തികകൾ നികത്തുകയും മെഡിക്കൽ കോളേജ് ഡോക്ടർമാരുടെ സ്വകാര്യ പ്രാക്ടീസ് അവസാനിപ്പിക്കുകയും ചെയ്തു. സ്പെഷ്യാലിറ്റി അഡ്മിനിസ്ട്രേറ്റീവ് കേഡർ സംവിധാനം നടപ്പിലാക്കിയതിന്റെ ഭാഗമായി ഡോക്ടർമാരുടെ 441 പുതിയ തസ്തികകൾ സൃഷ്ടിച്ചു. പട്ടണപ്രദേശങ്ങളിൽ മാത്രമായി ഒതുങ്ങിനിന്നിരുന്ന ഡോക്ടർമാരുടെ സേവനം ഗ്രാമപ്രദേശങ്ങളിലേയ്ക്കും വ്യാപിപ്പിച്ചു. ഇന്ന് എല്ലാ ആശുപത്രികളിലും ആവശ്യത്തിന് ഡോക്ടർമാരുണ്ട്. ആരോഗ്യമേഖലയിലെ സമരങ്ങൾ നേരിടുന്നതിനായി ധീരമായ നടപടികളെടുത്തത് അഭിനന്ദനാർഹമാണ്. മലയാളിയുടെ അശാസ്ത്രീയമായ ഭക്ഷണക്രമവും ശുചിത്വമില്ലായ്മയും കാർഷികമേഖലയിൽ കീടനാശിനികളുടെയും രാസവളങ്ങളുടെയും വ്യാപകമായ ഉപയോഗവും കൊണ്ടാണ് കേരളത്തിൽ കുറച്ചുകാലങ്ങളായി രോഗങ്ങൾ വർദ്ധിച്ചുകൊണ്ടിരിക്കുന്നത്. ഇതിന് പരിഹാരം കാണുന്നതിനുള്ള നടപടികളെക്കുറിച്ച് ആലോചിക്കണം. മുൻകാലങ്ങളിൽ സംസ്ഥാനത്തെ ആരോഗ്യവകുപ്പിൽ 806 സിവിൽ സർജൻമാരും 2900 അസിസ്റ്റന്റ് സർജൻമാരും ഉൾപ്പെടെ 3706 ഡോക്ടർമാരുടെ തസ്തിക ഉണ്ടായിരുന്ന സ്ഥാനത്ത് 4147 ഡോക്ടർമാരുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്.

പാരാമെഡിക്കൽ സ്റ്റാഫിന്റെയും ഓഫീസ് സ്റ്റാഫിന്റെയും 1542 പുതിയ തസ്തികകൾ സൃഷ്ടിച്ചു. മെഡിക്കൽ, പി.ജി. പ്രവേശനത്തിന് സർവ്വീസ് ക്വാട്ട പുനസ്ഥാപിച്ചുകൊണ്ട് പ്രഗത്ഭരായ ആളുകളെ ഈ മേഖലയിലേയ്ക്ക് ആകർഷിക്കാൻ സർക്കാർ കൈക്കൊണ്ട നടപടി ശ്ലാഘനീയമാണ്. എം.ബി. ബി.എസ്. കോഴ്സ് പൂർത്തിയാക്കുന്ന ഗവൺമെന്റ് മെഡിക്കൽകോളേജുക ളിലെ 850-ഓളം ഡോക്ടർമാരുടെ സേവനം ഗ്രാമപ്രദേശങ്ങളിൽ ലഭ്യ മാക്കുന്നതിനായി ഗ്രാമീണ സേവനം നിർബന്ധമാക്കി ഉത്തരവ് പുറപ്പെടു വിച്ചു. പുതിയ 5 നഴ്സിംഗ് കോളേജുകൾ സർക്കാർ മേഖലയിൽ അനുവദിച്ചു. എം.ബി.ബി.എസ്-നും പി.ജി.-ക്കും സീറ്റുകൾ വർദ്ധിപ്പിച്ചു. പാവപ്പെട്ട രോഗികൾക്ക് 9 കോടി രൂപയുടെ ചികിത്സാ ധനസഹായം അനുവ ദിച്ചു. മാരകരോഗങ്ങൾക്ക് അടിമപ്പെടുന്ന 18 വയസ്സുവരെയുള്ള കുട്ടികൾക്ക് സൗജന്യചികിത്സ ഏർപ്പെടുത്തി. വിധവാവിവാഹത്തിന് 25000 രൂപ ധനസഹായം പ്രഖ്യാപിച്ചു. അംഗൻവാടി വർക്കർമാരുടെ ഓണറേറിയം 500 രൂപയും ഹെൽപ്പർമാരുടേത് 250 രൂപയുമാക്കി വർദ്ധിപ്പിക്കുകയും അംഗൻവാടി വർക്കർമാർക്ക് പ്രതിമാസം 500 രൂപയും ഹെൽപ്പർമാർക്ക് 300 രൂപയും പെൻഷൻ ഏർപ്പെടുത്തുകയും ചെയ്തു. 6746 പുതിയ അംഗൻവാ ടികൾ ഈ സർക്കാരിന്റെ കാലത്ത് ആരംഭിച്ചതിലൂടെ 13492 പേർക്ക് ജോലി നൽകാൻ സാധിച്ചു. സംസ്ഥാനത്തെ 8 ലക്ഷത്തിലധികംവരുന്ന വികലാംഗർക്ക് തിരിച്ചറിയൽ കാർഡ് ഏർപ്പെടുത്താനുള്ള നടപടി പുരോഗമി ച്ചുവരുന്നു. ക്ഷേമപെൻഷനുകളുടെ വരുമാനപരിധി ഉയർത്തിയതിനാൽ ആയിരക്കണക്കിന് ആളുകൾക്ക് ഇതിന്റെ ആനുകൂല്യം ലഭ്യമാകുന്ന സ്ഥിതി

വന്നിരിക്കുകയാണ്. സാമൂഹ്യക്ഷേമ വകുപ്പിൽ 276 പുതിയ തസ്തികകൾ സൃഷ്ടിച്ചു. ഈനിലയിൽ അഭിമാനകരമായ നേട്ടങ്ങൾ ആരോഗ്യ മേഖലയിൽ കൈവരിക്കാൻ ഈ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്.

ശ്രീ. എ.എ. ഷുക്കൂർ: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. സംസ്ഥാനത്ത് വ്യാപകമായി ബാധിച്ചിരിക്കുന്ന പകർച്ചവ്യാധികളുടെ അടിസ്ഥാനകാരണങ്ങളെ സംബന്ധിച്ചും നിർമ്മാർജ്ജനം ചെയ്ത പല രോഗങ്ങളും തിരികെ വന്നുകൊണ്ടിരിക്കുന്നതിനെ സംബന്ധിച്ചും പഠനം നടത്താൻ സർക്കാർ തയ്യാറാകണം. ഡോക്ടർമാരുടെ സ്വകാര്യ പ്രാക്ടീസ് നിരോധനത്തിന് പകരം സംവിധാനം ഏർപ്പെടുത്താത്തതിനാൽ ജനങ്ങൾ അനുഭവിക്കുന്നദുരിതത്തിന് പരിഹാരം കാണണം. സുനാമി പദ്ധതി പ്രകാരം നിർമ്മിച്ച ആശുപത്രികൾ പ്രവർത്തനസജ്ജമാക്കണം. നിലവിലുള്ള ആശുപ ത്രികളിൽ ആവശ്യത്തിന് ഡോക്ടർമാരെ നിയമിക്കാനും മരുന്നും മറ്റ് അടി സ്ഥാന സൗകര്യങ്ങളും ഏർപ്പെടുത്താനും നടപടി സ്വീകരിക്കണം. 2009 മെയ് മാസത്തിൽ സർക്കാർ പുറപ്പെടുവിച്ച ഉത്തരവനുസരിച്ച് ആലപ്പുഴ ജന റലാശുപത്രിയുടെ ബെഡ് സ്ട്രെങ്ത് 400 ആയി വർദ്ധിപ്പിച്ചുവെങ്കിലും സ്പെഷ്യാലിറ്റി കേഡർ പ്രഖ്യാപിച്ചതിലൂടെ ബെഡ് സ്ട്രെങ്ത് 174 ആയും ഡോക്ടർമാരുടെ എണ്ണം 48-ൽനിന്ന് 34 ആയി കുറയ്ക്കുകയുമാണ് ചെയ്തിട്ടുള്ളത്. വണ്ടാനം മെഡിക്കൽകോളേജിലെ സി.ടി.സ്കാൻ പ്രവർത്തന ക്ഷമമാക്കണം. വണ്ടാനം-തിരുവമ്പാടി എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടുകളുടെ സേവനവും ജനങ്ങൾക്ക് ലഭ്യമാക്കണം. മെഡിക്കൽകോളേജിൽ നിലനിൽക്കുന്ന സംഘർഷാ വസ്ഥയ്ക്ക് പരിഹാരം കാണണം. കഴിഞ്ഞവർഷം ആരോഗ്യ വകുപ്പുമന്ത്രിയു

ടേയും ധനകാര്യ വകുപ്പുമന്ത്രിയുടേയും സാന്നിദ്ധ്യത്തിൽ ആലപ്പുഴയിൽവച്ച് നടത്തിയ സെമിനാറിൽ പ്രഖ്യാപിച്ച ആരോഗ്യ പാക്കേജ് യാഥാർത്ഥ്യമാക്കണം. കുട്ടനാട്ടിലും തീരപ്രദേശത്തെ കയർമേഖലയിലും വ്യാപകമായിരിക്കുന്ന ക്യാൻസർ രോഗത്തെക്കുറിച്ച് പ്രത്യേക പഠനം നടത്താൻ തയ്യാറാകണം. ആലപ്പുഴ നഗരസഭയിലെപഞ്ചായത്തുകളിൽ വിവിധയിനം സാമൂഹ്യ പെൻഷനുകൾ വിതരണം ചെയ്യുന്നതിനുള്ള അപേക്ഷപോലും സ്വീകരിക്കാതിരിക്കുന്ന അവസ്ഥയ്ക്ക് പരിഹാരമുണ്ടാക്കണം. ആലപ്പുഴ ജനറൽ ഹോസ്പിറ്റലിൽ ഒ.പി.യിലും ഐ.പി.യിലും ഡോക്ടർമാരില്ലാത്തതിനാൽ അത്യാസന്ന നിലയിലെത്തുന്ന രോഗികൾ മരണപ്പെടുന്ന അവസ്ഥയ്ക്ക് മാറ്റമുണ്ടാകണം.

ശ്രീ. ടി. പി. കുഞ്ഞുണ്ണി : ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. രോഗാതുരതയ്ക്ക് കാരണമായ ദാരിദ്ര്യവും പട്ടിണിയും ഇന്ത്യാരാജ്യത്ത് നിലനിൽക്കുമ്പോഴും സംസ്ഥാനത്തെ ആരോഗ്യമേഖലയിലും സാമൂഹ്യക്ഷേമ രംഗത്തും സ്തുത്യർഹമായ സേവനമാണ് ഈ ഗവൺമെന്റ് നടത്തുന്നത്. യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് നിലനിന്നിരുന്ന അഴിമതിയും ധൂർത്തും കെടുകാര്യസ്ഥതയും അവസാനിപ്പിച്ച് മെച്ചപ്പെട്ട ചികിൽസ നൽകുന്ന ആതുര ശുശ്രൂഷാകേന്ദ്രങ്ങളാക്കി പൊതുജനാരോഗ്യ സ്ഥാപനങ്ങളെ മാറ്റിയെടുക്കാനും ആവശ്യത്തിന് ഡോക്ടർമാരുടേയും നഴ്സുമാരുടേയും സേവനം ഉറപ്പുവരുത്താനും കഴിഞ്ഞിട്ടുണ്ട്. കഴിഞ്ഞ നാലുവർഷത്തിനുള്ളിൽ ആരോഗ്യ സ്ഥാപനങ്ങളിലെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്താൻ 1500 കോടി രൂപ ഈ ഗവൺമെന്റ് ചെലവഴിക്കുകയും നിരവധി പുതിയ ആശുപത്രി കെട്ടിടങ്ങൾ നിർമ്മിക്കുകയും

രോഗനിർണ്ണയത്തിനും ചികിൽസയ്ക്കും സ്വകാര്യ ആശുപത്രികളെ വെല്ലുന്ന തരത്തിലുള്ള അത്യാധുനിക ഉപകരണങ്ങൾ പ്രധാനപ്പെട്ട ആശുപത്രികളിൽ സ്ഥാപിച്ചുകൊണ്ടിരിക്കുകയുമാണ്. പുതിയ തസ്തികകൾ സൃഷ്ടിക്കാനും അർഹതപ്പെട്ടവർക്ക് പ്രൊമോഷൻ ലഭ്യമാക്കാനും താൽക്കാലിക ജീവന ക്കാരെ സ്ഥിരപ്പെടുത്താനും നടപടികൾ സ്വീകരിക്കുകയുണ്ടായി. പൊതുമേഖലയിൽ പുതിയതായി അഞ്ച് നഴ്സിംഗ് കോളേജുകൾ ആരംഭി നടപടി അഭിനന്ദനാർഹമാണ്. ദരിദ്ര ജനവിഭാഗങ്ങൾക്കുവേണ്ടിയുള്ള ആരോഗ്യപരിരക്ഷാ പ്രവർത്തനങ്ങളിൽ കേരളം നൂറ് ശതമാനം നേട്ടം കൈവരിച്ചതായി കേന്ദ്ര ഗവൺമെന്റ് തന്നെ അഭിപ്രായപ്പെട്ടിട്ടുണ്ട്. പനിയിൽനിന്നും മറ്റ് പകർച്ചവ്യാധികളിൽ നിന്നും കേരളത്തിലെ ജനങ്ങളെ സംരക്ഷിക്കാനുള്ള നടപടികളാണ് സർക്കാർ സ്വീകരിക്കുന്നത്. എൽ.ഡി.എ ഫ്. സർക്കാരിന്റെ ജനക്ഷേമകരമായ പ്രവർത്തനങ്ങളെ വികൃതമാക്കാനും വളച്ചൊടിക്കാനുമാണ് പ്രതിപക്ഷം എക്കാലത്തും ശ്രമിച്ചിട്ടുള്ളത്. പകർച്ചവ്യാധികൾ വ്യാപകമായിക്കൊണ്ടിരിക്കുകയാണെന്ന് പ്രചരിപ്പിച്ച് സർക്കാരിനെതിരായി ജനവിരുദ്ധ വികാരം സൃഷ്ടിക്കാൻ പ്രതിപക്ഷം ശ്രമി ച്ചുകൊണ്ടിരിക്കുന്ന അവസരത്തിലാണ് കേരളം സന്ദർശിച്ച കേന്ദ്ര സംഘം പകർച്ചവ്യാധികളേയും മറ്റും തടയാനായി സംസ്ഥാനത്തെ ആരോഗ്യവകുപ്പ് സ്വീകരിച്ച നടപടിയെ ശ്ലാഘിച്ചുകൊണ്ടുള്ള അഭിപ്രായപ്രകടനം നടത്തിയത്. തെരഞ്ഞെടുപ്പുകളെ മുന്നിൽ കണ്ടുകൊണ്ട് പ്രതിപക്ഷം നടത്തിക്കൊണ്ടിരി ക്കുന്ന ഇത്തരത്തിലുള്ള വിമർശനങ്ങളെ സർക്കാർ ഭയപ്പെടുന്നില്ല. ഇപ്പോൾ എൽ.ഡി.എഫ്. വർഗ്ഗീയ ശക്തികളുമായി രാഷ്ട്രീയ സഖ്യം ഉണ്ടാക്കാൻ പോകുകയാണെന്ന രീതിയിൽ പ്രചരണം നടത്തിക്കൊണ്ടിരിക്കുകയാണ്. വർഗ്ഗീയശക്തികളോടുള്ള ഇടതുപക്ഷ പ്രസ്ഥാനത്തിന്റെ സമീപനം കേരള

ത്തിലെ ജനങ്ങൾക്ക് നന്നായി അറിയാം. കേരളത്തിന്റെ ഗ്രാമീണമേഖലയിൽ എൻ.ആർ.എച്ച്.എം.-ന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടക്കുന്നുണ്ടെങ്കിലും പട്ടണപ്രദേശങ്ങളെ അപേക്ഷിച്ച് ചുരുങ്ങിയ ചികിത്സാ സൗകര്യങ്ങളാണ് ലഭിച്ചുകൊണ്ടിരിക്കുന്നത്. രോഗനിർണ്ണയം നടത്താൻ ആവശ്യത്തിന് ലാബുകളും ലാബ് അസിസ്റ്റന്റുമാരുമില്ലാത്തതിനാൽ രോഗികൾ സ്വകാര്യ ലാബുകളെ സമീപിക്കുന്ന സ്ഥിതിക്ക് പരിഹാരം കാണണം. നേത്രരോഗങ്ങൾ വർദ്ധിച്ചുകൊണ്ടിരിക്കുന്ന സാഹചര്യം കണക്കിലെടുത്ത് കൂടുതൽ ഓഫ്ത്താൽമിക് അസിസ്റ്റന്റുമാരുടെ തസ്തിക സൃഷ്ടിക്കണം. മാനസികരോഗ ചികിത്സയ്ക്ക് മെച്ചപ്പെട്ട സൗകര്യങ്ങൾ ഏർപ്പെടുത്തണം.

<u>ശ്രീ. വി.എസ്. സുനിൽ കുമാർ</u> : ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ലോകത്തിന് തന്നെ മാതൃകയാകുന്ന വിധത്തിൽ ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാരിന്റെ ഭരണത്തിൻകീഴിൽ ധാരാളം നേട്ടങ്ങൾ ആരോഗ്യ രംഗത്ത് കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. കേരളത്തിലെ ആരോഗ്യ രംഗം തകരാറിലാണെന്ന് പ്രചരിപ്പിച്ചുകൊണ്ട് ഇടതുപക്ഷ ജനാധിപത്യമുന്നണിയെ രാഷ്ട്രീയമായി അപകീർത്തിപ്പെടുത്തുന്നതിനും കേരളത്തിലെ സ്വകാര്യ ആശുപത്രികളേയും ഫാർമാ കമ്പനികളേയും പരോക്ഷമായി സഹായിക്കുന്നതിനും ഉതകുന്ന രീതിയിലുള്ള നിലപാടാണ് പ്രതിപക്ഷം സ്വീകരിക്കുന്നത്. പനിബാധിച്ച് മരിക്കുന്നവരുടെ എണ്ണം ഇപ്പോൾ ഗണ്യമായി കുറഞ്ഞിട്ടുണ്ട്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം എൻട്രി കേഡറിൽ ഡോക്ടർമാരെ നിയമിക്കുകയും അവർക്ക് മാന്യമായ ശമ്പളം കൊടുക്കുകയും തിരുവനന്തപുരം, കോട്ടയം, ആലപ്പുഴ തൃശ്ശൂർ, കോഴിക്കോട് മെഡിക്കൽകോളേജുകളിൽ കോടിക്കണക്കിന് രൂപയുടെ ആധുനിക യന്ത്രോപകരണങ്ങൾ വാങ്ങി പാവപ്പെട്ട ആളുകൾക്ക് ആധുനിക വിദഗ്ദ്ധ

ചികിൽസ ലഭ്യമാക്കുകയും ചെയ്തു. ഈ ഗവൺമെന്റ് 97 കോടി രൂപ റീജിയണൽ ക്യാൻസർ സെന്ററിന് കൊടുത്തു. അത് 250 കോടി രൂപയായിട്ടെങ്കിലും വർദ്ധിപ്പിക്കണം. ആർ.സി.സി-യിൽ പാവപ്പെട്ട കുട്ടികൾക്ക് സൗജന്യചികിൽസ കൊടുക്കുന്നതിനും എല്ലാ പഞ്ചായത്തുകളിലും നീതിസ്റ്റോറുകൾ ആരംഭിച്ച് 50 ശതമാനംവരെ വിലകുറച്ച് മരുന്ന് ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കുകയും ചെയ്തു. കേന്ദ്ര ഗവൺമെന്റിന്റെ പുതിയ ആരോഗ്യനയത്തിന്റെ ഭാഗമായി പ്രൈസ് കൺട്രോൾ ലിസ്റ്റിലുള്ള മരുന്നുകളുടെ എണ്ണം ഗണ്യമായി വെട്ടിക്കുറച്ചതുകൊണ്ടാണ് മരുന്നുകളുടെ വിലവർദ്ധിക്കാൻ ഇടയായത്. തൃശ്ശൂർ മെഡിക്കൽ കോളേജിൽ പേവാർഡ് ആരംഭിക്കാനുള്ള നടപടികൂടി സ്വീകരിക്കണം.

<u>ശ്രീ. എ. പ്രദീപ് കുമാർ</u> : ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ജില്ലാ-താലൂക്ക് ആശുപത്രികൾ, മെഡിക്കൽകോളേജുകൾ, പി.എച്ച്.സി, സി.എച്ച്.സി എന്നിവിടങ്ങളിലെ അടിസ്ഥാന സൗകര്യവികസനത്തിന് ചെലവഴിച്ച 1500 കോടി രൂപയിൽ 700 കോടി രൂപയും അഞ്ച് മെഡിക്കൽ കോളേജുകൾക്കുവേണ്ടിയാണ്. കോഴിക്കോട് മെഡിക്കൽകോളേജിൽ വർഷങ്ങളായി മുടങ്ങിക്കിടന്ന സൂപ്പർ സ്പെഷ്യാലിറ്റി ബ്ളോക്കിന്റെ പണി പൂർത്തിയാക്കുന്നതിനും കോഴിക്കോട് ഐ.എം.സി.എച്ച്-ന് 50 കോടി രൂപ ചെലവഴിച്ച് ഒരു പുതിയ ബ്ളോക്ക് പണിയുന്നതിനും നിലവിലുള്ള കെട്ടിടം നവീകരിക്കുന്നതിനും നടപടി സ്വീകരിച്ചു. കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിൽ നിന്നുള്ള മലിനജലം നിർമ്മാർജ്ജനം ചെയ്യുന്നതിനുവേണ്ടി ഒരു സ്വീവേജ് ട്രീറ്റ്മെന്റ് പ്ളാന്റിന്റെ നിർമ്മാണം

പൂർത്തിയായിക്കൊണ്ടിരിക്കുകയാണ്. കോഴിക്കോട് മെഡിക്കൽകോളേജിൽ എം.ആർ.ഐ സ്കാൻ യൂണിറ്റ് സ്ഥാപിക്കുകയും ഒഫ്താൽമോളജി ഡിപ്പാർട്ട്മെന്റിനെ ഒരു റീജിയണൽ ഇൻസ്റ്റിറ്റ്യൂട്ടിന്റെ സ്റ്റാറ്റസിലേയ്ക്ക് ഉയർത്തുകയും ആ ക്യാമ്പസ്സിൽ തന്നെ ഒരു സ്പോർട്ട്സ് മെഡിസിൻ ഇൻസ്റ്റിറ്റ്യൂട്ടിന് തുടക്കം കുറിക്കുകയും ചെയ്തു. കോടികൾ മുടക്കി കോട്ടപ്പറമ്പിലെ സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രി ആധുനിക രീതിയിൽ നവീകരിച്ചതോടുകൂടി എൻ.എ.ബി.എച്ച്-ന്റെ അക്രഡിറ്റേഷൻ ലഭിക്കാൻ പോകുകയാണ്. യാതൊരു ദിശാബോധവുമില്ലാതെ കുത്തഴിഞ്ഞു കിടന്ന ആരോഗ്യമേഖലയ്ക്ക് പുതുജീവൻ നൽകാൻ ഈ ഗവൺമെന്റിന് കഴിഞ്ഞു. പകർച്ചപ്പനി പ്രതിരോധിക്കാൻ ഊർജ്ജിതശ്രമം നടത്തി. ആരോഗ്യ മേഖലയിലെ അഴിമതി തടയുന്നതിന് മെഡിക്കൽ സർവ്വീസ് കോർപ്പറേഷന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കി. ഡോക്ടർമാരുടെ അനുചിത പ്രവൃത്തികൾക്ക് അവരുടെ സംഘടനകൾ പിന്തുണ കൊടുക്കുന്നത് ഒട്ടും ആശാവഹമല്ല.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:</u> ധനാഭ്യർത്ഥനകളെ എതിർക്കുന്നു. കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് ആരോഗ്യമേഖല നേരിട്ട പ്രശ്നം ഫണ്ടിന്റെ അപര്യാപ്തതയായിരുന്നെങ്കിൽ എൻ.ആർ.എച്ച്.എം. ഫണ്ട് വിനിയോഗിക്കാൻ ഈ സർക്കാരിന് അവസരം ലഭിച്ചു. ആതുര ശുശ്രൂഷാ രംഗത്ത് അടിസ്ഥാനസൗകര്യ വികസനത്തിന് മുൻഗണന കൊടുക്കണം. വ്യാജപ്രചരണത്തിന് പരസ്യം നൽകുന്നതിനായി സർക്കാരിന്റെ ഫണ്ട് വിനിയോഗിക്കുന്നത് ശരിയല്ല. വിദഗ്ദ്ധരായ ഡോക്ടർമാരുടെ സേവനം ആശുപത്രികളിൽ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കണം. സ്പെഷ്യാലിറ്റി കേഡറിൽ ഡോക്ടർമാരെ നിയമിക്കുമ്പോൾ

അവർക്ക് വേണ്ട സൗകര്യങ്ങളോടുകൂടിയ ഒരു യൂണിറ്റും ഉണ്ടാകണം. 1611 ഡോക്ടർമാരെ സ്പെഷ്യാലിറ്റി കേഡറിലേയ്ക്ക് സ്ഥലംമാറ്റിയെങ്കിലും പകുതിയിലധികംപേരും ജോയിൻ ചെയ്യാത്തതിനാൽ സ്പെഷ്യാലിറ്റി ഡോക്ടർമാരുടെ ടോട്ടൽ ഔട്ട്പുട്ട് സംസ്ഥാനത്തിന് ലഭ്യമാകുന്നില്ല. തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ പുതിയ എക്യുപ്മെന്റ്സൊക്കെ വാങ്ങിയെങ്കിലും വിദഗ്ദ്ധഡോക്ടറുടെ അഭാവത്തിൽ അത് ഉപയോഗശൂന്യമായിരിക്കുകയാണ്. മാരകമായ പകർച്ചപ്പനി നിയന്ത്രിക്കാൻ സ്വീകരിച്ച നടപടിയെക്കുറിച്ച് വ്യക്തമാക്കണം. ഏതാണ്ട് രണ്ടര ലക്ഷം പേർക്ക് പനി ബാധിച്ചതായിട്ടാണ് കണക്കുകൾ വ്യക്തമാക്കുന്നത്. സർക്കാർ ആശുപത്രികളിൽ വേണ്ടത്ര മരുന്നില്ലെന്നതും ഗൗരവമായി കാണേണ്ടതാണ്. സർക്കാർ ലബോറട്ടറികൾ ഫലപ്രദമായി പ്രവർത്തിപ്പിക്കാൻ നടപടി സ്വീകരിക്കണം. ആരോഗ്യവകുപ്പിൽ പ്രവർത്തിക്കുന്ന ഉപജാപകസംഘത്തെ തിരിച്ചറിയണം.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ): ഇൻഡ്യയിൽ മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് പൊതുജനാരോഗ്യ മേഖലയിൽ കേരളം വളരെ മുന്നിലാണ്. മെഡിക്കൽ കോളേജുകളുൾപ്പെടെയുള്ള സർക്കാർ ആശുപത്രികളിൽ സൗകര്യങ്ങൾ അപര്യാപ്തമായിരുന്ന കാലഘട്ടത്തിൽ സർക്കാർ ആശുപത്രികളിലുണ്ടായിരുന്ന പല വിദഗ്ദ്ധ ഡോക്ടർമാരും അൺ-ആതറൈസ്ഡ് ആബ്സൻസിൽ പ്രൈവറ്റ് ആശുപത്രികളിലോ വിദേശങ്ങളിലോ പോകുന്ന പ്രവണത ഉണ്ടായി. പ്രൈവറ്റ് ആശുപത്രികളും സഹകരണ ആശുപത്രികളും നിലവിൽ വന്നതോടുകൂടി സർക്കാർ ആശുപത്രികളുടെ പ്രവർത്തനം ശോച്യാവസ്ഥയിലാകുകയും പാവപ്പെട്ട രോഗികൾക്ക് പ്രൈവറ്റ് ആശുപത്രികളെ ആശ്രയി

ക്കേണ്ട സ്ഥിതിവിശേഷം ഉണ്ടാകുകയും ചെയ്തു. വർഷങ്ങളായി കേരളത്തിൽ സർക്കാർ ഡോക്ടർമാർ പ്രൈവറ്റ് പ്രാക്ടീസ് നടത്തിവരികയായിരുന്നു. അതുപോലെ രോഗപ്രതിരോധ പ്രവർത്തനങ്ങൾക്കായി നിയമിക്കപ്പെട്ട ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരും ജൂനിയർ പബ്ലിക്ക് ഹെൽത്ത് നേഴ്സുമാരും ഒരിക്കൽപോലും ഫീൽഡിൽ പോയി ജോലി ചെയ്യുന്ന പതിവില്ലായിരുന്നു. പ്രൊമോഷൻ പോലും ലഭിക്കാതിരുന്ന 3840 സ്റ്റാഫ് നേഴ്സസ് ഗ്രേഡ് 2-ന് ഒരു പ്രത്യേക ഉത്തരവിലൂടെ പ്രൊമോഷൻ നൽകിയത് ഈ സർക്കാരാണ്. ആരോഗ്യ വകുപ്പിലെ അൺആതറൈസ്ഡ് ആബ്സൻസ് എന്ന ക്രമരഹിതമായ അവസ്ഥയ്ക്ക് മാറ്റം വരുത്തണമെന്ന തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഡ്യൂട്ടിക്ക് ഹാജരാകാത്തവരെ ടെർമിനേറ്റ് ചെയ്ത് പുതിയ നിയമനം നടത്തി. ഇപ്പോൾ സർക്കാർ ആശുപത്രികളിൽ ആവശ്യത്തിന് ഡോക്ടർമാരെയും നേഴ്സുമാരെയും പോസ്റ്റ് ചെയ്തിട്ടുണ്ട്. 1961-ലെ സ്റ്റാഫ് പാറ്റേൺ പ്രായോഗികമല്ലെന്ന് കണ്ടതുകൊണ്ട് എൻ.ആർ.എച്ച്.എം. പദ്ധതിയിൽപ്പെടുത്തി 650 ഡോക്ടർമാരെ നിയമിച്ചു. നിലവിൽ 441 തസ്തിക ഒഴിവുണ്ട്. യു.ഡി.എഫ്. ഭരണകാലത്ത് കേന്ദ്രത്തിൽ നിന്നു ലഭിച്ച ഫണ്ട് ഫലപ്രദമായി വിനിയോഗിക്കാൻ സാധിച്ചിരുന്നില്ല. ഇപ്പോൾ എൻ.ആർ.എച്ച്.എം. ഫണ്ട് നൂറ് ശതമാനവും ചെലവഴിക്കുന്നുണ്ട്. കേന്ദ്ര ഗവൺമെന്റിൽനിന്നും ലഭിക്കുന്ന ഈ ഫണ്ടിൽ 25 ശതമാനം ചെലവഴിക്കേണ്ടത് സിവിൽ വർക്കുകൾക്കാണ്. ആശുപത്രികളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിന് ലഭിച്ച എൻ.ആർ.എച്ച്.എം., സുനാമി റിലീഫ് ഫണ്ട് എന്നിവയിൽ നിന്ന് 72 കോടി രൂപ ചെലവഴിച്ച് തീരപ്രദേശങ്ങളിലെ ആശുപത്രികളുടെ അടിസ്ഥാനസൗകര്യം മെച്ചപ്പെടുത്തി. ട്രൈബൽ

മേഖലയിൽ അട്ടപ്പാടിയിലെ കോട്ടത്തറയിലും വയനാട് ജില്ലയിലെ നല്ലൂർനാട്ടിലുമുള്ള ആശുപത്രികൾ പുതിയ തസ്തികകൾ സൃഷ്ടിച്ച് പ്രവർത്തക്ഷമമാക്കി. എസ്.സി./എസ്.ടി. വകുപ്പ് അനുവദിച്ച 10 കോടി രൂപ ട്രൈബൽ വിഭാഗത്തിൽപ്പെട്ടവരുടെ സൗജന്യചികിത്സ ഉൾപ്പെടെയുള്ള കാര്യ ങ്ങൾക്ക് വിനിയോഗിക്കാൻ സാധിച്ചു. സി.പി.സി.-യിലെ അഴിമതികൾ അവസാനിപ്പിച്ചുകൊണ്ട് മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻവഴി മരുന്നു വിതരണം ചെയ്യാൻ നടപടി സ്വീകരിച്ചു. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പണം കൊടുക്കാത്തതിനാൽ കമ്പനികൾ മരുന്നുവിതരണം ചെയ്തിരുന്നില്ല. ഇപ്പോൾ ഭക്ഷണത്തിനും മരുന്നിനും പ്രത്യേകം തുകയാണ് അനുവദിക്കുന്ന ത്. കഴിഞ്ഞ മൂന്നുവർഷമായി പാരസെറ്റാമോൾ വാങ്ങുന്നത് വ്യവസായ വകുപ്പിന്റെ കീഴിലുള്ള കെ. എസ്. ഡി. പി.-യിൽനിന്നുമാണ്. മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ നിന്നുമാണ് ആസ്മ, അലർജി, ഇസ്നോഫീലിയ എന്നീ രോഗങ്ങൾക്കുള്ള മരുന്ന് വാങ്ങുന്നത്. മന്ത് നിർമ്മാർജ്ജനത്തിനുള്ള 9 കോടി ടാബ്ലറ്റ് ഡി.എച്ച്.എസ്.-ന് കേന്ദ്ര ഗവൺമെന്റിൽനിന്നും കിട്ടിയിട്ടുണ്ട്. ഗുണനിലവാരമില്ലാത്ത മരുന്നുകൾ വിതരണംചെയ്ത കമ്പനികളെ ബ്ലാക്ക്ലിസ്റ്റ് ചെയ്തിട്ടുണ്ട്. ഓങ്കോളജി, നെഫ്രോളജി, കാർഡിയോളജി തുട ങ്ങിയ വിഭാഗങ്ങളിൽ ഉപയോഗിക്കുന്ന ചെലവുകൂടിയ മരുന്നുകൾ പ്രധാന പ്പെട്ട മെഡിക്കൽ കോളേജുകളിലെങ്കിലും കൊടുക്കുന്നതിനെക്കുറിച്ച് ആലോ ചിക്കുന്നുണ്ട്. മെഡിക്കൽ സർവ്വീസ് കോർപ്പറേഷന്റെ പ്രവർത്തനത്തിൽ മാറ്റ മുണ്ടായിട്ടുണ്ട്. ലാബിൽനിന്നുമുള്ള റിപ്പോർട്ട് ലഭിച്ചശേഷം മാത്രമേ മെഡി ക്കൽ സർവ്വീസ് കോർപ്പറേഷൻ മരുന്ന് വിതരണം ചെയ്യുന്നുള്ളൂ. ഏതാണ്ട് ഒരു ശതമാനത്തിന് താഴെയുള്ള ടെസ്റ്റുകൾ മാത്രമേ ഇപ്പോൾ പരാജയപ്പെടു

ന്നുള്ളൂ. ടെസ്റ്റുകൾ പരാജയപ്പെട്ടാൽ അത്തരം മരുന്നുകൾ ഉൽപ്പാദിപ്പിക്കുന്ന കമ്പനികളെ കരിമ്പട്ടികയിൽപ്പെടുത്തുക മാത്രമല്ല അവർക്കുള്ള തുകയും നൽകുകയില്ല. മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ ക്വാളിറ്റി അഷ്വറൻസ് വിഭാഗം തുടങ്ങിയിട്ടുണ്ട്. വെയർഹൗസുകളിൽനിന്നും വിവിധ സമയത്ത് നേരിട്ട് സാമ്പിളുകളെടുത്ത് ഒന്നിൽക്കൂടുതൽ ലാബുകളിലയച്ച് ഗുണനിലവാരം ഉറപ്പുവരുത്താനുള്ള നടപടിയായിട്ടുണ്ട്. ഡ്രഗ്സ് കൺട്രോൾ ലാബിലാണ് കൺഫർമേറ്ററി പരിശോധനയ്ക്ക് സാമ്പിളുകൾ അയയ്ക്കുന്നത്. മറ്റ് സംസ്ഥാനങ്ങളിലെ ലാബുകളിൽക്കൂടി സാമ്പിളുകൾ അയയ്ക്കാനും തീരുമാനിച്ചിട്ടുണ്ട്. പരിശോധിക്കുന്ന മരുന്നുകളുടെ ഗുണനിലവാര റിപ്പോർട്ട് ഉടൻതന്നെ മെഡിക്കൽ സർവ്വീസ് കോർപ്പറേഷന്റെ വെബ്സൈറ്റിൽ പൊതുജനങ്ങളുടെ അറിവിലേയ്ക്കായി പ്രസിദ്ധീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഈ വർഷം മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ 10 ജില്ലകളിലാണ് വെയർഹൗസുകളുണ്ടാക്കുന്നത്. കേരളത്തിലെ സർക്കാർ ആശുപത്രികളുടെ ഭൗതിക സാഹചര്യങ്ങൾ വർദ്ധിപ്പിച്ചതിലൂടെ നാൽപ്പത് ആശുപത്രികളിൽ ഉണ്ടായിരുന്ന ഡെലിവറി ഇപ്പോൾ 140 ആശുപത്രികളിലേയ്ക്ക് വ്യാപിപ്പിക്കാൻ സാധിച്ചു. അക്കാഡമിക് തലത്തിൽ 150 കുട്ടികൾക്ക് ഗവൺമെന്റ് ഫീസിൽ പഠിക്കാനുള്ള സാഹചര്യമുണ്ടായി. മെഡിക്കൽ കൗൺസിലുകാർ ചർച്ചയ്ക്ക് വരുമ്പോൾ കോഴിക്കോട്, തിരുവനന്തപുരം മെഡിക്കൽകോളേജിൽനിന്നും കുറച്ചുപേരെ ട്രാൻസ്ഫർ ചെയ്യേണ്ട സാഹചര്യമുണ്ടായിട്ടുണ്ടെങ്കിൽപ്പോലും കോൺട്രാക്ട് ബേസിസിൽ ഡോക്ടർമാരെ നിയമിച്ചിട്ടുണ്ട്. കഴിഞ്ഞ രണ്ടു വർഷം കൊണ്ട് 661 ഡോക്ടർമാരെ മെഡിക്കൽകോളേജിൽ മാത്രം എൻട്രി കേഡറിൽ നിയമിച്ചു.

സീനിയർ റസിഡൻസി സിസ്റ്റം മെഡിക്കൽകോളേജുകളിൽ നടപ്പിലാക്കി. മെഡിക്കൽ ബിരുദ കോഴ്സ് പാസ്സാകുന്നവരെ ബോണ്ട് വയ്പ്പിച്ച് 23,000 രൂപ കൊടുത്തുകൊണ്ട് അതേ മെഡിക്കൽകോളേജിൽ ജോലി ചെയ്യിപ്പിക്കുന്ന സിസ്റ്റം നടപ്പിലാക്കി. ഹൗസ് സർജൻസ് അലവൻസും പി.ജി. അലവൻസും സൂപ്പർ സ്പെഷ്യാലിറ്റി അലവൻസും വർദ്ധിപ്പിച്ചു. ബി.എസ്സി. നേഴ്സിംഗിന് ഇന്റേൺഷിപ്പ് ഏർപ്പെടുത്തി. അഞ്ച് പുതിയ ബി.എസ്സി. നേഴ്സിംഗ് കോളേജുകൾ ആരംഭിച്ചു. കോഴിക്കോട് മെഡിക്കൽ കോളേജിൽ എം.ഫാം കോഴ്സും കോട്ടയം മെഡിക്കൽ കോളേജിൽ ബി.ഫാം കോഴ്സും ആരംഭിക്കുകയും കോട്ടയത്ത് ദന്തൽ കോളേജിന് സ്ഥിരാംഗീകാരം നൽകുകയും ചെയ്തു. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ എം.എസ്സി. എം.എൽ.ടി. കോഴ്സ് ആരംഭിച്ചു. 120 കോടി രൂപയുടെ നവീകരണ പ്രവർത്തനങ്ങൾ സംസ്ഥാനത്തെ മെഡിക്കൽകോളേജുകളിൽ തുടങ്ങിയിട്ടുണ്ട്. ആധുനികസംവിധാനത്തോടുകൂടിയാണ് തിരുവനന്തപുരം മെഡിക്കൽകോളേജിലെ സൂപ്പർ സ്പെഷ്യാലിറ്റി ഡിപ്പാർട്ട്മെന്റ് പ്രവർത്തിക്കാൻ പോകുന്നത്. ഹെൽത്ത് ഇൻസ്പെക്ടേഴ്സ് കോഴ്സും പാരാമെഡിക്കൽ കോഴ്സും പുനരാരംഭിച്ചു. ആയുർവേദ-ഹോമിയോ ഡോക്ടർമാരുടെ ഒഴിവുകൾ നികത്തി. അംഗൻവാടി ജീവനക്കാർക്ക് പെൻഷൻ കൊടുക്കാൻ തീരുമാനിച്ചത് സംബന്ധിച്ച് വന്നിട്ടുള്ള കേസ്സുകൾ പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. കാസർകോട് ജില്ലയിലെ എല്ലാ വികലാംഗർക്കും ഐഡന്റിറ്റി കാർഡ് കൊടുത്തുകഴിഞ്ഞു. ഇത് ഓരോ ജില്ലയിലും ഘട്ടംഘട്ടമായി നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്. വികലാംഗർക്കുള്ള നിയമനം പി.എസ്.സി.ക്ക് വിടുകയും 250-ലധികം പേർക്ക് നിയമനം ലഭിക്കുകയും ചെയ്തിട്ടുണ്ട്. സഹ

കരണമേഖല, പൊതുമേഖല എന്നിവിടങ്ങളിലായി 246 പുതിയ തസ്തികകൾ വികലാംഗർക്കായി മാറ്റിവച്ചു. കേരളത്തിലെ 18 വയസ്സ് വരെയുള്ള കുട്ടികളുടെ ക്യാൻസർ ഉൾപ്പെടെയുള്ള രോഗങ്ങളുടെ ചികിത്സാച്ചെലവ് ഗവൺമെന്റ് വഹിക്കും. സോഷ്യൽ സെക്യൂരിറ്റി മിഷൻ അതിനുവേണ്ടി പ്രവർത്തിക്കുകയാണ്. എൻഡോസൾഫാൻമൂലം നിത്യരോഗികളായവർക്ക് ആശ്വാസകിരണം പദ്ധതിയിലൂടെ ആയിരം രൂപവീതം പ്രതിമാസ സഹായം നൽകുന്നതാണ്. ശയ്യാവലംബികളായ കുഞ്ഞുങ്ങളേയും മുതിർന്നവരേയും സംരക്ഷിക്കുന്നവർക്കും അവിവാഹിതകളായ അമ്മമാർക്കും 300 രൂപ ഇലക്ട്രോണിക് മണി ഓർഡർ വഴി കൊടുക്കാനും തീരുമാനിച്ചിട്ടുണ്ട്. ആശുപത്രി സംരക്ഷണ നിയമം ഈ സർക്കാരിന്റെ കാലത്ത് തന്നെ കൊണ്ടുവരും. നബാർഡിന്റെ 50 കോടി രൂപ ധനസഹായത്തോടെ പ്രൈമറി ഹെൽത്ത്സെന്ററുകൾക്ക് കെട്ടിടം നിർമ്മിക്കും. സംസ്ഥാനത്തെ പ്രധാന ആശുപത്രികളുടെ നവീകരണത്തിന് ആയിരം കോടി രൂപയുടെ പദ്ധതി നടപ്പിലാക്കും. താലൂക്ക്, ജില്ലാ, ജനറൽ ആശുപത്രികളുടെ നവീകരണമാണ് പ്രസ്തുത പദ്ധതിയിൽ ഇൾപ്പെടുത്തിയിരിക്കുന്നത്. ധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്നഭ്യർത്ഥിക്കുന്നു.

ഖണ്ഡനോപക്ഷേപങ്ങൾ നിരാകരിച്ചു.

വൈദ്യസഹായ രംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയും കുടുംബക്ഷേമം എന്ന XIX-ാം നമ്പർ ധനാഭ്യർത്ഥനയും അനുവദിക്കണമെന്ന പ്രമേയങ്ങൾ 25-നെതിരെ 68 വോട്ടുകളോടെയും സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ

ധനാഭ്യർത്ഥന 28-നെതിരെ 68 വോട്ടുകളോടെയും സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

സഭ ഉച്ചയ്ക്കുശേഷം 2.47-ന് പിരിഞ്ഞു.